2025JANUARY
06
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ചൈനയിലെ വൈറസ് വ്യാപനവിവരങ്ങൾ

# യഥാസമയം കൈമാറണമെന്ന് ലോകാരോഗ്യ സംഘടനയോട് ഇന്ത്യ



**ന്യൂഡൽഹി:** ചൈനയിലെ ഹ്യൂമൻ മെറ്റന്യൂമോ വൈറസ് (എച്ച്എംപിവി) വ്യാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം പങ്കുവയ്ക്കണമെന്നു ലോകാരോഗ്യ സംഘടനയോട് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. ചൈനയിലെ സാഹചര്യം അസാധാരണമല്ലെന്നാണ് ആരോഗ്യമന്ത്രാലയത്തിന്റെ വിലയിരുത്തൽ. പ്രത്യേക കാലയളവിലെത്തുന്ന സീസണൽ വൈറസാണിതെന്നു മന്ത്രാലയം ചൂണ്ടിക്കാട്ടുന്നു. വൈറസ് വ്യാപന സാഹചര്യം നേരിടാൻ ഇന്ത്യ സജ്ജമാണെന്നും സ്ഥിതി സസൂക്ഷ്മം നിരീക്ഷിച്ചു വരികയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

ചൈനയിൽ! ആശങ്ക പടർത്തുന്ന ഹ്യൂമൻ മെറ്റന്യൂമോ വൈറസ് (എച്ച് എംപിവി) ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലും നേരത്തേ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും അധികൃതർ പറഞ്ഞു. ചൈനയിലെ ആശങ്കയുടെ പശ്ചാത്തലത്തിൽ ആരോഗ്യമന്ത്രാലയം ഇന്നലെ ഉന്നതതല യോഗം ചേർന്നു. ലോകാരോഗ്യ സംഘടനയിലെ വിദഗ്ധർ, ആരോഗ്യ സ്ഥാപനങ്ങളുടെ മേധാവികൾ, വിവിധ ആശുപത്രികളിലെ മേധാവികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. തണുപ്പ് കാലത്ത് ശ്വാസകോശ അണുബാധ സാധാരണമാണെന്ന് യോഗം വിലയിരുത്തി.

''എച്ച് എം പി വി സാധാരണയായി കണ്ടുവരുന്ന വൈറസാണ്. ആശങ്കപ്പെടേണ്ട സാഹചര്യമില്ല. തണുപ്പ് കാലത്ത് ഇത്തരം വൈറസ് വ്യാപനം ഉണ്ടാകാറുണ്ട്. സാഹചര്യങ്ങളെ നേരിടാൻ ആശുപത്രികൾ സജ്ജമാണ്. ആവശ്യത്തിനു കിടക്കകളും ഓക്സിജനുമുണ്ട്" ആരോഗ്യവകുപ്പ് ഡയറക്ടർ ജനറൽ ഡോ. അതുൽ ഗോയൽ പറഞ്ഞു.



# പരിശീലന പറക്കലിനിടെ കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ തകർന്നു വീണു; 3 മരണം

**അഹമ്മദാബാദ് :** കോസ്റ്റ് ഗാർഡിന്റെ ധ്രുവ് ഹെലികോപ്റ്റർ ഗുജറാത്തിലെ പോർബന്തർ വിമാനത്താവളത്തിൽ തകർന്നുവീണു. അപകടത്തിൽ മൂന്നു പേർ മരിച്ചു. ഇതിൽ 2 പേർ പൈലറ്റുമാരാണ്. പരിശീലന പറക്കലിനിടെയാണ് ഹെലികോപ്റ്റർ തകർന്നത്. അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്റ്റർ (എഎൽഎച്ച്) ധ്രുവ് ആണ് അപകടത്തിൽപ്പെട്ടത്.

തകർന്നുവീണതിനു പിന്നാലെ ഹെലികോപ്റ്ററിനു തീപിടിച്ചു. ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ എയർ എൻക്ലേവിലാണ് അപകടമുണ്ടായത്. പരുക്കേറ്റ ഏതാനും പേരെ ആശുപത്രിയിലേക്ക് മാറ്റി.

കര, നാവിക, വ്യോമ സേനകൾ ഉപയോഗിക്കുന്ന എഎൽഎച്ച് ധ്രുവ് ഹെലികോപ്റ്ററുകൾക്ക് രണ്ടു വർഷം മുൻപ് ചില സാങ്കേതികപിഴവുകൾ കണ്ടെത്തിയിരുന്നുവെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിനു പിന്നാലെ വിശദമായ സുരക്ഷാ പരിശോധനകൾക്ക് ഇവ വിധേയമാക്കിയിരുന്നു.



# ഔഷധവിപണിയിൽ പ്രമുഖർക്കും വ്യാജന്മാർ; കർശന നടപടികളുമായി അധികൃതർ

**തൃശ്ശൂർ:** ഇന്ത്യൻ ഔഷധവിപണിയിൽ വ്യാജന്മാരുടെ വിളയാട്ടം ശക്തമായി തുടരുന്നതിന്റെ സൂചനകൾ വീണ്ടും. പ്രമുഖ കമ്പനികളുടെ ഏറെ വിൽപ്പനയുള്ള ബ്രാൻഡുകളിൽപോലും വ്യാജന്മാരുണ്ട്. കേന്ദ്ര ഡ്രഗ്സ് വിഭാഗം കഴിഞ്ഞമാസം നടത്തിയ പരിശോധനയിൽ ഇത്തരത്തിലുള്ള രണ്ടുമരുന്നുകളുടെ വ്യാജന്മാരെ കണ്ടെത്തി. ഇതോടെ പരിശോധനകൾ കൂടുതൽ ശക്തമാക്കി.

ആമാശയസംബന്ധമായ അസുഖങ്ങൾക്കുള്ള പാൻ 40 മരുന്നിന്റെ ബിഹാറിൽനിന്നുള്ള സാമ്പിളാണ് വ്യാജനാണെന്ന് തെളിഞ്ഞത്. ഈ ബാച്ച് മരുന്നുണ്ടാക്കിയിട്ടില്ലെന്ന് ബ്രാൻഡിന്റെ നിർമാതാക്കൾ രേഖാമൂലം അധികൃതരോട് വ്യക്തമാക്കി. അണുബാധയ്ക്കെതിരേയുള്ള അമോക്സിസിലിനും ക്ലോവുനിക് ആസിഡും ചേർന്ന ഓഗ്മെന്റിൻ 650 മരുന്നിന്റെ ഉത്തർപ്രദേശിലെ ഗാസിയാബാദിൽനിന്നുള്ള സാമ്പിളും വ്യാജനാണെന്ന് കണ്ടെത്തി. ഇതിന്റെ നിർമാതാക്കളും ഈ ബാച്ച് ഉണ്ടാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.. രണ്ടു കേസുകളിലും കൂടുതൽ അന്വേഷണം നടത്തിവരുകയാണ്.

നിർമാതാക്കളാരാണെന്നും മരുന്നിന്റെ പാർശ്വഫലമെന്തൊക്കെയാണെന്നുമുള്ള അന്വേഷണമാണ് നടക്കുന്നത്. രണ്ട് സംസ്ഥാനത്തും വ്യാജമരുന്നുകൾക്കായുള്ള തിരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. തെലങ്കാന, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വിഭാഗവും പരിശോധന ശക്തമാക്കിയിട്ടുണ്ട്.





കൊച്ചിയിൽ സംഘടിപ്പിച്ച സൊസൈറ്റി ഓഫ് ഫിസിഷൻ അസിസ്റ്റൻറ്സ് വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം പി നിർവഹിക്കുന്നു. പ്രൊഫ. എം വി തമ്പി, പ്രസാദ് വി ജി, ഡോ. സുബ്രഹ്മണ്യ അയ്യർ കെ, ഗോമതി സുന്ദർ, ശ്രീകല സി, എബി എബ്രഹാം എന്നിവർ സമീപം.

# ആരോഗ്യ പരിപാലന മേഖലയിൽ ഫിസിഷൻസ് അസോസിയേറ്റ്സിന്റെ സാന്നിധ്യം സുപ്രധാനം: ഹൈബി ഈഡൻ

**കൊച്ചി:** അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ആധുനിക ആരോഗ്യ പരിപാലന മേഖലയിൽ ഫിസിഷൻസ് അസോസിയേറ്റ്സിന്റെ (പി എ ) സാന്നിധ്യവും പങ്കും സുപ്രധാനമാണെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു. സൊസൈറ്റി ഓഫ് ഫിസിഷൻ അസിസ്റ്റൻസ് അസോസിയേഷൻറെ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വൈദ്യശാസ്ത്ര മേഖലയിലെ സാങ്കേതിക വളർച്ചയ്ക്കനുസൃതമായി പി. എമാരുടെ പ്രാധാന്യവും കൂടി വരികയാണ്. ലോകത്തെ വികസിത രാജ്യങ്ങളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽപോലും ഫിസിഷൻ അസോസിയേറ്റ്സിന്റെ തസ്തിക നിർബന്ധമാണ്. 1992 മുതൽ നമ്മുടെ രാജ്യത്തും എല്ലാ പ്രധാന ആശുപത്രികളിലും പിഎമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പിഎ കോഴ്സുകൾ പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ സാധ്യതയും വളരെ വലുതാണെന്നും ഹൈബി ഈഡൻ അഭിപ്രായപ്പെട്ടു. എസ് പി എ പ്രസിഡൻറ് പ്രസാദ് ബി ജി അധ്യക്ഷനായിരുന്നു. ഡോ. ജോസ് ചാക്കോ പെരിയപ്പുറം മുഖ്യപ്രഭാഷണവും ഡോ. സുബ്രഹ്മണ്യ അയ്യർ കെ ആമുഖപ്രസംഗവും നടത്തി.

പി എ മേഖലയിൽ സേവനം ചെയ്യുന്നവരുടെ തുടർ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി കൊച്ചിയിൽ ആരംഭിക്കുന്ന പി എ അക്കാദമിയുടെ ഉദ്ഘാടനം പ്രൊഫ. എം വി തമ്പി നിർവഹിച്ചു. ഐ എ പി എ ദേശീയ പ്രസിഡൻറ് ഗോമതി സുന്ദർ, എസ് പി എ സെക്രട്ടറി എബിൻ എബ്രഹാം, ഓർഗനൈസിംഗ് സെക്രട്ടറി ശ്രീകല സി എന്നിവർ പ്രസംഗിച്ചു. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ സെബി ജോസഫ് പി എ ഓഫ് ദി ഇയർ അവാർഡിനും തൊടുപുഴ ബേബി മെമ്മോറിയലിലെ അജിത്ത് മാത്യു ബഡിംഗ് പി എ അവാർഡിനും കൊച്ചി അമൃത സർവ്വകലാശാലയിലെ പ്രൊഫ. എം വി തമ്പി ബെസ്റ്റ് പി എ സപ്പോർട്ടർ അവാർഡിനും തെരഞ്ഞെടുക്കപ്പെട്ടു. അഞ്ചു വേദികളിലായി നടത്തിയ ചർച്ച ക്ലാസുകളിൽ ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തരായ വ്യക്തികൾ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമ്മേളനത്തിന്റെ ഭാഗമായി പി എ വിദ്യാർഥികൾക്കും ജീവനക്കാർക്കുമായി വൈദ്യശാസ്ത്ര ഗവേഷണ വിഷയങ്ങളിൽ മത്സരങ്ങളും നടന്നു.

# കേരള ബ്ലാസ്റ്റേഴ്സ് എഫ്സി ഫാൻ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നു

**കൊച്ചി:** ഫാൻ അഡ്വൈസറി ബോർഡ് (എഫ്.എ.ബി) രൂപീകരിക്കാൻ തയ്യാറെടുത്ത് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. ലോകത്തെ മുൻനിര ക്ലബ്ബുകളുടേയും ലീഗുകളുടേയും അതേ മാതൃകയിലാണ് കേരള ബ്ലാസ്റ്റേഴ്സും എഫ്.എ.ബി രൂപികരിക്കുവാനൊരുങ്ങുന്നത്. മാനേജുമെന്റുമായി ആരാധകർക്ക് നേരിട്ട് ആശയവിനിമയം സാധ്യമാകുന്ന ഈ വേദി ക്ലബിന്റെ വളർച്ചയിൽ നിർണായക തീരുമാനമായേക്കും.




2024-25 സീസണിന്റെ ആരംഭഘട്ടത്തിൽത്തന്നെ ഫാൻ അഡ്വൈസറി ബോർഡ് നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ ക്ലബ് ആരംഭിച്ചിരുന്നു. സുതാര്യത, പങ്കാളിത്തം ഉറപ്പാക്കൽ, പരസ്പര ബഹുമാനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുവാനാണ് ഫാൻ അഡ്വൈസറി ബോർഡിലൂടെ ക്ലബ് ലക്ഷ്യമിടുന്നത്. ചർച്ചകൾക്ക് മാത്രമായുള്ള ഒരിടം എന്നതിലുപരി ഫലപ്രദമായ പ്രവർത്തനങ്ങൾക്കുള്ള പ്ലാറ്റ്ഫോമായാണ് എഫ്.എ.ബിയെ കണക്കാക്കുന്നത്. ആരാധകരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നുവെന്ന് ഫാൻ അഡ്വൈസറി ബോർഡ് ഉറപ്പുവരുത്തുന്നു.

കേരള ബ്ലാസ്റ്റേഴ്സിന്റെ ആരാധകരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 12 പേർ അടങ്ങുന്നതായിരിക്കും ഫാൻ അഡ്വൈസറി ബോർഡ്. വർഷത്തിൽ 4 തവണ ക്ലബിന്റെ മാനേജ്മെന്റ് പ്രതിനിധികളുമായി ബോർഡ് അംഗങ്ങൾ ഔദ്യോഗിക കൂടിക്കാഴ്ച നടത്തുകയും ക്ലബിന്റെ പ്രകടനം, ടിക്കറ്റ് വിതരണം, ആരാധക അടിത്തറ ശക്തമാക്കുവാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ പ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും.

ഫാൻ അഡ്വൈസറി ബോർഡിന്റെ ഭാഗമാകുന്നതിനായി ക്ലബിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ അപേക്ഷ നൽകാം. 19 വയസ്സിന് മുകളിൽ പ്രായമുള്ള ക്ലബിന്റെ ഏതൊരു ആരാധകർക്കും അപേക്ഷ നൽകുവാൻ സാധിക്കും. ഇന്ന് മുതൽ പത്ത് ദിവസത്തേക്കാണ് ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള സമയപരിധി. ആകെ 12 പ്രതിനിധികളിൽ 9 പേർ രാജ്യത്തിനകത്തുനിന്നുള്ളവരും 2 പേർ അന്താരാഷ്ട്ര പ്രതിനിധികളുമായിരിക്കും. പ്രത്യേക പരിഗണനാ വിഭാഗത്തിൽ നിന്നും ഒരു പ്രതിനിധിയുമുണ്ടായിരിക്കും. ഒരു വർഷമായിരിക്കും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ പ്രവർത്തന കാലയളവ്. ഒരു ടേം പൂർത്തിയാക്കിയ അംഗത്തിന് തുടർന്നുവരുന്ന ഒരു വർഷക്കാലയളവിലേക്ക് വീണ്ടും അപേക്ഷിക്കുവാൻ സാധിക്കുകയില്ല. പുതിയ വ്യക്തികളുടേയും പുതിയ ആശയങ്ങളുടേയും പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാണിത്.

ട്രാൻസ്ഫറുകൾ, ടീം സെലക്ഷനുകൾ, സ്പോർട്സ് സംബന്ധമായ മറ്റ് തീരുമാനങ്ങൾ തുടങ്ങിയവയിൽ ഫാൻ അഡ്വൈസറി ബോർഡിന് പങ്കാളിത്തമുണ്ടാവില്ല. ഇക്കാര്യങ്ങൾ കോച്ചിംഗ് സ്റ്റാഫിന്റെയും മാനേജ്മെന്റിന്റേയും അധികാരപരിധിയിലായിരിക്കും. കൂടാതെ വ്യക്തിപരമായ നേട്ടങ്ങൾക്കോ, ധനലാഭത്തിനോ, വ്യക്തിഗത താത്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായോ ഈ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തുവാൻ പാടില്ല. ഫാൻ അഡ്വൈസറി ബോർഡ് അംഗങ്ങൾ ക്ലബിന്റെ ഓഹരിയുടമകളോ, ബോർഡ് അംഗങ്ങളോ ആയിരിക്കുകയില്ല. ഒരു സ്വതന്ത്ര ബോഡിയായായിരിക്കും എഫ്.എ.ബിയുടെ പ്രവർത്തനം. സുതാര്യത ഉറപ്പാക്കുന്നതിനായി ഓരോ യോഗങ്ങളുടേയും മിനുട്സ് ക്ലബിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. www.keralablasters.in. എന്ന വെബ്സൈറ്റിലൂടെ ഫാൻ അഡ്വൈസറി ബോർഡിലെ അംഗത്വത്തിനായി അപേക്ഷ നൽകാം.



# സ്നേഹ ഭവനത്തിന്റെ താക്കോൽ കൈമാറി

**കൊച്ചി:** ടി.ജെ വിനോദ് എം.എൽ.എയുടെ കരുതലായ് എറണാകുളം പദ്ധതിയുടെ ഭാഗമായി ഡോ.അസ്‌ലം സലീമിന്റെ സ്പോൺസർഷിപ്പിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്നേഹ ഭവനത്തിന്റെ താക്കോൽ കൈമാറ്റം മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നിർവഹിച്ചു.ടി.ജെ വിനോദ് എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ അൻവർ സാദത്ത് എം.എൽ.എ, മുൻ എം.എൽ.എ ലൂഡി ലൂയിസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേഷ്, ആലപ്പുഴ ഡി.സി.സി. സെക്രട്ടറി സാദിഖ്, വൈസ് പ്രസിഡന്റ് ആരിഫ മുഹമ്മദ്, രാജു അഴിക്കകത്ത്, എം.ആർ ആൻറണി, സിന്റാ ജേക്കബ്, സുരേഷ് ബാബു, ലിസ്സി വാരിയത്ത്, മിന്നാ വിവേര, രമ്യ തങ്കച്ചൻ, മിനി വർഗീസ്, സനൽ നെടിയതറ, അഗസ്റ്റിൻ ജോർജ്, റോസ്മേരി ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

# വനിതകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി ജനുവരി 8ന് ചക്കയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിൽ പരിശീലനം നൽകുന്നു. ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9072600771, 04843548159.

# ദേശിയ സ്കൂൾ ഗെയിംസ് വോളിബോൾ: അനുശ്രീ അണ്ടർ 19 കേരള ടീം ക്യാപ്റ്റൻ



**കൊച്ചി:** ദേശിയ സ്കൂൾ ഗെയിംസ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ അണ്ടർ 19 കേരള ടീമിനെ അനുശ്രീ എ.ആർ നയിക്കും. മുത്തൂറ്റ് വോളിബോൾ അക്കാദമിയിൽ നിന്നുള്ള താരമാണ് അനുശ്രീ. ഈ മാസം 6 മുതൽ 10 വരെ വിജയവാഡയിലാണ് വോളിബോൾ ചാമ്പ്യൻഷിപ് നടക്കുന്നത്. പറവൂർ സ്വദേശിയായ അനുശ്രീ നന്ത്യാട്ടുകുന്നം എസ്എൻവി സ്കൂൾ വിദ്യാർത്ഥിനിയാണ്.മുത്തൂറ്റ് അക്കാദമിയിൽ നിന്നുള്ള മൂന്നാമത്തെ താരമാണ് ദേശിയ സ്കൂൾ ഗെയിംസിൽ കേരള ടീം ക്യാപ്റ്റനായി എത്തുന്നത്. ആൺകുട്ടികളുടെ അണ്ടർ 19 ടീം ക്യാപ്റ്റൻ നിസ്റ്റിൻ, അണ്ടർ 17 കേരള ടീം വൈസ് ക്യാപ്റ്റൻ ജോസഫ് ഷെയ് വാൻ എന്നിവരും മുത്തൂറ്റ് വോളിബോൾ അക്കാദമിയിൽ നിന്നുള്ളവരായിരുന്നു. ടീം അനുശ്രീ എ.ആർ( ക്യാപ്റ്റൻ),സില ജെയ്മോൻ, അവന്തിക ശ്രീജിത്ത്, അധീന രാജ്, ശ്രീലക്ഷ്മി കെ.എ, ദേവിക വിനോദ്, അമീലിയ, എയ്ഞ്ചൽ ഷാജി, അൻസ പോൾസൺ, മാളവിക യു, അഭിരാമി സുരേഷ്, അമിനി. കോച്ച് ലിൻസി കൃഷ്ണ, മാനേജർ വിശാൽ.

# സൺറൈസ് ആശുപത്രി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** കാക്കനാട് സൺറൈസ് ആശുപത്രിയും കോറോ ഹെൽത്ത് കമ്പനിയും സംയുക്തമായി പാലാരിവട്ടം കോറോ ഹെൽത്ത് റീജിയണൽ ഓഫീസിൽ വെച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. സൺറൈസ് ആശുപത്രിയുടെ സാമൂഹ്യ പ്രവർത്തനങ്ങളുട ഭാഗമായാണ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതെന്നു ആശുപത്രി സി. ഇ. ഓ. സുരേഷ് കുമാർ തമ്പി നേരത്തെ അറിയിച്ചിരുന്നു. 350 ഓളം ആളുകൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിൽ സൗജന്യ വൈദ്യ പരിശോധനയും ആവശ്യമായ പ്രാഥമിക ചികിത്സയും നൽകി. സൺറൈസ് ആശുപത്രിയിലെ ഡോക്ടർമാരായ ഡോ. ഫൈസ, ഡോ. ജിസാന എന്നിവർ ചേർന്ന് മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. കേരളത്തിൽ അതിവേഗം വളരുന്ന ആശുപത്രി ശൃംഖലകളിൽ ഒന്നാണ് സൺറൈസ് ആശുപത്രി. ചടങ്ങിൽ സൺറൈസ് ആശുപത്രി മാർക്കറ്റിംഗ് ഡെപ്യൂട്ടി മാനേജർ ബിച്ചു എം ഷെരിഫ്, മറ്റ് ആശുപത്രി അധികൃതരും പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# കാഴ്ച പരിമിതർക്ക് കുറഞ്ഞ ചെലവിൽ ചികിത്സയൊരുക്കാൻ അമൃത

**കൊച്ചി :** നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാഴ്ച പരിമിതരുടെ ജീവിതം കൂടുതൽ മെച്ചപ്പെട്ടതാക്കാനുള്ള ശ്രമങ്ങൾക്ക് അമൃത തുടക്കം കുറിച്ചു. അമൃത ക്രിയേറ്റ് രൂപകൽപന ചെയ്ത എഐ അസിസ്റ്റഡ് ടെക്നോളജി ഫോർ ബ്ലൈൻഡിന്റെ ഉദ്ഘാടനം കൊച്ചി അമൃത ആശുപത്രിയിൽ വെച്ച് നടന്നു. മാതാ അമൃതാനന്ദമയി മഠം വൈസ് ചെയർമാനുമായ സ്വാമി അമൃത സ്വരൂപാനന്ദപുരി ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ചു.

മുൻ ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ഗോപിനാഥൻ പി എസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കാഴ്ചാ പരിമിതി ഉള്ളവർക്ക് സമൂഹത്തിന്റെ സഹതാപമല്ല അനുകമ്പയാണ് ആവശ്യമെന്ന് ജസ്റ്റിസ്. പി എസ് ഗോപിനാഥൻ ചൂണ്ടിക്കാട്ടി. അമൃത സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ് അസോസിയേറ്റ് ഡീൻ ഡോ. പ്രേമ നെടുങ്ങാടി പദ്ധതി അവതരിപ്പിച്ചു. സംഗീത സംവിധായകൻ ടിഎസ് രാധാകൃണൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ബിപിസിഎല്ലിന്റെ സഹകരണത്തോടെ തെരഞ്ഞെടുത്ത നാൽപ്പത് പേർക്ക് കൊച്ചി അമൃത ആശുപത്രിയിൽ വെച്ച് നടന്ന ചടങ്ങിൽ സ്മാർട്ട് വിഷൻ കണ്ണടകൾ വിതരണം ചെയ്തു. കാഴ്ച ശക്തി ഇല്ലാത്തവർക്ക് മുൻപിലുള്ള ദൃശ്യങ്ങൾ ശബ്ദ രൂപത്തിൽ കാതുകളിൽ എത്തിക്കുന്ന സ്മാർട്ട് വിഷൻ കണ്ണടകളുടെ വിതരണം നാഷണൽ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കേരള, സക്ഷമ കേരള, ബിപിസിഎൽ എന്നിവർ സംയുക്തമായാണ് സംഘടിപ്പിച്ചത്.

അമൃത കോർണിയ വിഭാഗം മേധാവി ഡോ. അനിൽ രാധാകൃഷ്ണൻ, എൻഎഫ് ബി കേരള ജനറൽ സെക്രട്ടറി സിസി കാശിമണി, എൻഎഫ് ബി കേരള പ്രസിഡന്റ് സതീഷ് കുമാർ ഇലഞ്ഞി, സോയ് ജോസഫ്, തണൽ പരിവാർ സെക്രട്ടറി നാസർ കെഎം, സക്ഷമ കേരള അംഗം കൃഷ്ണകുമാർ, എൻഎഫ്ബി കേരള വനിതാ വൈസ് പ്രസിഡന്റ് സാലി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.പരിപാടിയുടെ ഭാഗമായി ബ്രെയ്ലി ലിപി വായനാ മത്സരവും, സ്മാർട്ട് വിഷൻ കണ്ണടയുടെ പരിശീലനവും കൊച്ചി അമൃത ആശുപത്രിയിൽ സംഘടിപ്പിച്ചിരുന്നു. വായനാ മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും കലാപരിപാടികളും ചടങ്ങിന്റെ ഭാഗമായി നടന്നു. എറണാകുളം ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ സിനോ രവി സമാപന ചടങ്ങുകൾക്ക് അധ്യക്ഷത വഹിച്ചു.




ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച ഇശൽ ഫെസ്റ്റ് ചലച്ചിത്ര താരം മജീദ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. കെ ഐ അബ്ദുൾ ഗഫൂർ, റഷീദ് മോങ്ങം, കെ എ സാജിത്ത്, അസീന അബ്ദുൾ സലാം, സുനിൽ ഹരീന്ദ്രൻ, കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ, കെ യു ജീവൻമിത്ര, ഷൈനമോൾ സമീപം.

# ഇശലുകളുടെ രസമഴയിൽ മാപ്പിള കലാവസന്തം

**വൈപ്പിൻ:** ഇമ്പമാർന്ന ഈരടികളും നയനമനോഹരമായ അഴകിന്റെ ചുവടുകളും താളമിട്ട് ഇശൽ ഫെസ്റ്റ്. വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റിന്റെ ഭാഗമായി നടന്ന ഇശൽഫെസ്റ്റ് എടവനക്കാട് എസ് എൻ ഓഡിറ്റോറിയത്തിൽ ചലച്ചിത്ര താരം മജീദ് എടവനക്കാട് ഉദ്ഘാടനം ചെയ്തു.ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസീന അബ്ദുൾ സലാം അധ്യക്ഷത വഹിച്ചു.

കരോക്കെ ഗാനമേളയുടെ ഉപജ്ഞാതാവ് ഡോ. കെ ഐ അബ്ദുൾ ഗഫൂർ മുഖ്യാതിഥിയായി, കെ എൻ ഉണ്ണിക്കൃഷ്ണൻ എംഎൽഎ, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എ സാജിത്ത്, ജ്യോതി ദിനേശ് ടീച്ചർ, മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ യു ജീവൻമിത്ര എന്നിവർ പ്രസംഗിച്ചു. വൈപ്പിൻ എഇഒ ഷൈന മോൾ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി കെ ഇക്ബാൽ, പഞ്ചായത്തംഗങ്ങളായ ബിന്ദു ബെന്നി, സുനൈന സുധീർ, മാരിടൈം ബോർഡ് അംഗം സുനിൽ ഹരീന്ദ്രൻ, സിഡിഎസ് ചെയർപേഴ്സൺ ഗിരിജ ഷാജി, സിറാജുദ്ദീൻ എടവനക്കാട് എന്നിവർ സന്നിഹിതരായി.മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി മത്സരങ്ങൾക്കു പുറമെ മുട്ടിപ്പാട്ട് ഉൾപ്പെടെ അവതരണങ്ങളും അരങ്ങേറി.

# സീറോമലബാർ സിനഡുസമ്മേളനം ഇന്നുമുതൽ

**കാക്കനാട്:** സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയുടെ മുപ്പത്തിമൂന്നാമത് മെത്രാൻ സിനഡിന്റെ ആദ്യ സമ്മേളനം ജനുവരി ആറ് മുതൽ സഭാആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ആരംഭിക്കുന്നു. ഭദ്രാവതി രൂപതാധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് എം.സി.ബി.എസ് നല്കുന്ന ധ്യാനചിന്തകളോടെ സിനഡുസമ്മേളനം ആരംഭിക്കും. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഇന്ത്യയിലും വിദേശത്തുമായി സേവനംചെയ്യുന്നവരും അജപാലനശുശ്രൂഷയിൽ നിന്ന് വിരമിച്ചവരുമായ 54 ബിഷപ്പുമാരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. സിനഡുസമ്മേളനം പതിനൊന്നാം തീയതി സമാപിക്കും.



കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ തിരുവുൽസവത്തിന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കൊടിയേറ്റുന്നു.

# പാവക്കുളം തിരുവുൽസവത്തിന് കൊടികയറി

**കൊച്ചി:** കലൂർ പാവക്കുളം ശ്രീമഹാദേവക്ഷേത്രത്തിലെ തിരുവുൽസവത്തിന് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ കൊടിയേറ്റ് നടന്നു. അനേകം ഭക്തർ പങ്കെടുത്തു.

ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമികത്വത്തിൽ ഈ വർഷത്തെ തിരുവുത്സവത്തിന്റെ ഭാഗമായി ശനിയാഴ്ച്ച കലാശാധി വാസം കഴിഞ്ഞു. ബ്രഹ്മശ്രീ മരങ്ങാട്ടു ശ്രീധരൻ നമ്പൂതിരിപ്പാടിന്റെയും ബ്രഹ്മശ്രീ പുലിയന്നൂർ പ്രസാദ് നാരായണൻ നമ്പൂതിരിപ്പാടിന്റെയും സഹകർമികത്വത്തിൽകലശപൂജ,.ബ്രഹ്മ കലശാഭി ഷേകം എന്നിവ നടന്നു. തുടർന്ന് കൊട്ടാരം സജിത്ത്, സംഗീത് മാരരുടെ നേതൃത്വത്തിൽ മരപ്പാണി കൊട്ടി ബ്രഹ്മകലശം എഴുന്നള്ളിച്ചു.

ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി വിനോദ് കാരോള്ളിൽ, പ്രസിഡന്റ് പങ്കജാക്ഷൻ .ടി, ക്ഷേത്രം ഊരാളൻ കുർമൂർ മന നരേന്ദ്രനാഥ് , തുടങ്ങി മറ്റു ഭാരവാഹികളായ മാധവൻകുട്ടി കെ പി ,സി. വേണു , ഒ . ഉണ്ണികൃഷ്ണമേനോൻ, ബാലകൃഷ്ണ കമ്മത്, നന്ദകുമാർ, പ്രഭാരി ശ്രീകുമാർ വയലിൽ തുടങ്ങി എല്ലാ സമിതി അംഗങ്ങളുംഭഗവത് സന്നിധിയിൽ ഭക്തർക്കൊപ്പം സന്നിഹിതരായി.



തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ 2025 മഹാ ജൂബിലി വർഷ ആഘോഷങ്ങളുടെ ഉദ്ഘാടനം പതാക ഉയർത്തി വരാപ്പുഴ അതിരൂപത സഹായ മെത്രൻ ഡോ. ആന്റണി വാലുങ്കൽ നിർവഹിക്കുന്നു. വികാരി ഫാ. ജൂഡിസ് പനക്കൽ, ഫാ. റാഫേൽ കൊമരഞ്ചാത്ത്, ഫാ.പാക്സൻ ഫ്രാൻസിസ് പള്ളിപ്പറമ്പിൽ തുടങ്ങിയവർ സമീപം.

# തേവര പള്ളിയിൽ 2025 മഹാ ജൂബിലി വർഷ ആഘോഷങ്ങൾ തുടങ്ങി

**കൊച്ചി:** തേവര സെന്റ് ജോസഫ് ആന്റ് സെന്റ് ജൂഡ് പള്ളിയിൽ 2025 മഹാ ജൂബിലി വർഷ ആഘോഷങ്ങളുടെ ഉദ്ഘാടനം വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. അദ്ദേഹം ജൂബിലി ദീപം കൊളുത്തുകയും ജൂബിലി സ്റ്റിക്കർ പ്രകാശനവും ചെയ്തു. തുടർന്ന് ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിച്ചു വികാരി ഫാ. ജൂഡിസ് പനക്കൽ, ഫാ. റാഫേൽ കൊമരഞ്ചാത്ത്, ഫാ. പാക്സൻ ഫ്രാൻസിസ് പള്ളിപ്പറമ്പിൽ എന്നിവർ സഹകരായിരുന്നു.

# പുതുവർഷത്തിൽ പൊരുതി ജയിച്ച് ബ്ലാസ്റ്റേഴ്സ്



**ന്യൂഡൽഹി:** രണ്ട് പേർ ചുവപ്പ് കാർഡ് കണ്ട് പുറത്തായിട്ടും മികച്ച പോരാട്ട വീര്യത്തിലൂടെ പഞ്ചാബിനോടുള്ള മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സിന് ഗംഭീര വിജയം. നാൽപ്പത്തിനാലാം മിനിറ്റിൽ നോഹ സദൂയ് നേടിയ പെനൽറ്റി ഗോളിലായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ജയം. 58ാം മിനിറ്റിൽ മിലോസ് ഡ്രിൻസിച്ചും 74ാം മിനിറ്റിൽ ഐബൻബ ഡോഹ്ലിങ്ങും ചുവപ്പുകാർഡ് കണ്ട് പുറത്തു പോയെങ്കിലും ഒമ്പതു പേരുമായി കളം നിറഞ്ഞ ബ്ലാസ്റ്റേഴ്സിനെ അവസാന വിസിൽ മുഴങ്ങും വരെ തോൽപ്പിക്കാൻ പഞ്ചാബിന് കഴിഞ്ഞില്ല. പഞ്ചാബിനെ അവരുടെ തട്ടകത്തിൽ തകർത്ത ബ്ലാസ്റ്റേഴ്സ് നിർണായകമായ ജയവും സ്വന്തമാക്കിയോതെ 15 കളിയിൽ 17 പോയിന്റുമായി ഒമ്പതാം സ്ഥാനത്തേക്കുയർന്നു . സീസണിലെ അഞ്ചാം ജയമാണ് കേരള ബ്ലാസ്റ്റേഴ്സ് നേടിയത്.

അവസാന കളിയിൽനിന്ന് മാറ്റങ്ങളുമായാണ് ബ്ലാസ്റ്റേഴ്സ് ഇറങ്ങിയത്. റുയാ ഹോർമിപാം, ഐബൻബ സിങ് എന്നിവർ ടീമിലെത്തി. സന്ദീപ് സിങ്, പ്രീതം കോട്ടൽ എന്നിവർ പുറത്തിരുന്നു. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ്. പ്രതിരോധത്തിൽ പ്രീതം കോട്ടൽ, സന്ദീപ് സിങ്, മിലോസ് ഡ്രിൻസിച്ച്, ഹുയ്ദ്രോം നവോച്ച സിങ്. മധ്യനിരയിൽ അഡ്രിയാൻ ലൂണ, ഫ്രെഡി ലല്ലാംമാവ്മ, ഡാനിഷ് ഫാറൂഖ്. മുന്നേറ്റത്തിൽ നോഹ സദൂയ്, കോറു സിങ്, ക്വാമി പെപ്ര. പഞ്ചാബിന്റെ ഗോൾ കീപ്പർ മുഹീത് ഷബീർ. സുരേഷ് മീട്ടി, മെൽവിൻ അസീസി, പ്രംവീർ സിങ് എന്നിവരുൾപ്പെട്ട പ്രതിരോധം. കയ്മിമിതാങ് ലുങ്ഡിം, റിക്കി ഷബോങ്, നിഖിൽ പ്രഭു, അഭിഷേക് സിങ് എന്നിവർ മധ്യനിരയിൽ. മുന്നേറ്റത്തിൽ അസ്മിർ സുജിച്ച്, മുഹമ്മദ് സുഹൈൽ, നിഹാൽ സുധീഷ് എന്നിവർ. ആദ്യ പകുതിയിൽ നോഹ ഇടതുവശത്ത് മിന്നൽ ആക്രമണങ്ങൾ നടത്തി. പഞ്ചാബ് ഗോൾ കീപ്പർ ഷബീറായിരുന്നു അവരുടെ രക്ഷയ്ക്കെത്തിയത്. ഒരു തവണ ലൂണയുടെ തകർപ്പൻ ലോങ് റേഞ്ചർ ഷബീർ തട്ടിയകറ്റിയപ്പോൾ ഞെട്ടലോടെയായിരുന്നു ബ്ലാസ്റ്റേഴ്സ് ആരാധകർ അതുകണ്ടത്. തുടർന്ന് പെപ്രയും നോഹയും ആക്രമണം കടുപ്പിച്ചു. കോർണർ കിക്കിൽനിന്നുള്ള ശ്രമവും പഞ്ചാബ് പ്രതിരോധം തടഞ്ഞു. ഡ്രിൻസിച്ച് കാൽവയ്ക്കുംമുമ്പ് പ്രതിരോധം തട്ടിയകറ്റുകയായിരുന്നു. പിന്നാലെ പഞ്ചാബ് മുന്നേറ്റക്കാരൻ നിഹാൽ പ്രത്യാക്രമണവുമായി മുന്നേറി. പക്ഷേ, ഗോൾ കീപ്പർ സച്ചിൻ സുരേഷ് രക്ഷയ്ക്കെത്തി. ക്ലോസ് റേഞ്ചിൽനിന്നുള്ള ഷോട്ട് സച്ചിൻ പിടിച്ചെടുത്തു. ആദ്യപകുതി അവസാനിക്കാൻ മിനിറ്റുകൾ ശേഷിക്കെ ബ്ലാസ്റ്റേഴ്സ് കാത്തിരുന്ന നിമിഷമെത്തി. നാൽപ്പത്തിനാലാം മിനിറ്റിൽ നോഹയെ മീട്ടി ബോക്സിൽ വീഴ്ത്തിയതിന് പെനൽറ്റി. കിക്ക് എടുത്ത നോഹയ്ക്ക് പിഴച്ചില്ല.സ്കോർ (1:0) ആത്മവിശ്വാസത്തോടെ ബ്ലാസ്റ്റേഴ്സ് ഇടവേളയ്ക്ക് പിരിഞ്ഞു.

എന്നാൽ 58ാം മിനിറ്റിൽ കനത്ത തിരിച്ചടി കിട്ടി. രണ്ടാം മഞ്ഞക്കാർഡ് കിട്ടിയ ഡ്രിൻസിച്ച് പുറത്ത്. പരിശീലകൻ ഉടൻ രണ്ട് മാറ്റങ്ങൾ വരുത്തി. നോഹയെയും ഡാനിഷിനെയും പിൻവലിച്ചു. പകരം അമാവിയായും അലക്സാൻഡ്രെ കൊയെ ഫുമെത്തി. കോറുവിന് പകരം പ്രീതം കോട്ടലുമെത്തി. കളിക്ക് ചൂടുപിടിച്ചു. ആളെണ്ണം കുറഞ്ഞതിന്റെ ക്ഷീണം ബ്ലാസ്റ്റേഴ്സിനെ ബാധിച്ചു. പഞ്ചാബ് നിരന്തരം മുന്നേറി. ഇതിനിടെ ലൂണയുടെ ഫ്രീകിക്ക് അപകടം വിതയ്ക്കാതെ അകന്നുപോയി. പതുക്കെ കളം പിടിക്കുമ്പോഴാണ് അടുത്ത തിരിച്ചടി കിട്ടിയത്. രണ്ടാം മഞ്ഞക്കാർഡ് വാങ്ങി പ്രതിരോധത്തിലെ മറ്റൊരു താരമായ ഐബനും പുറത്തായി. ഒമ്പതുപേരുമായി ബ്ലാസ്റ്റേഴ്സ് കളി തുടർന്നു. പ്രത്യാക്രമണങ്ങളിലായി ശ്രദ്ധ. പഞ്ചാബ് ബ്ലാസ്റ്റേഴ്സ് ബോക്സിൽ തളംകെട്ടിനിന്നു. പ്രതിരോധം പിടിച്ചുനിൽക്കുകയായിരുന്നു. ഇതിനിടെ പഞ്ചാബ് താരം റിക്കിയുടെ ശ്രമം നേരിയ വ്യത്യാസത്തിലാണ് പുറത്തുപോയത്. ബ്ലാസ്റ്റേഴ്സ് നിര പൂർണമായും പ്രതിരോധത്തിലേക്ക് പിൻവാങ്ങി. സച്ചിൻ സുരേഷ് വൻമതിലായി. നവോച്ചയും ഹോർമിപാമും ഉൾപ്പെട്ട പ്രതിരോധം ഉറച്ചുനിന്നതോടെ ബ്ലാസ്റ്റേഴ്സ് ആവേശകരമായ ജയം സ്വന്തമാക്കി. ഈ മാസം പതിമൂന്നിന് ഒഡിഷ എഫ്സിയുമായി കൊച്ചിയിലാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത കളി



കടവന്ത്ര വിദ്യനഗറിൽ നടന്ന ശ്രീ മുത്തപ്പൻ വെള്ളാട്ടം തിരുവപ്പന മഹോത്സവത്തിൻറെ സമാപന ദിനത്തിൽ നടന്ന മുത്തപ്പൻ തിരുവപ്പന വെള്ളാട്ടം.

## ശ്രീമുത്തപ്പൻ മഹോത്സവം സമാപിച്ചു

**കൊച്ചി:** എറണാകുളം ശ്രീമുത്തപ്പൻ സേവാ സമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ രണ്ടു ദിവസമായി കടവന്ത്ര വിദ്യാനഗറിൽ നടന്നു വന്ന ഈ വർഷത്തെ ശ്രീ മുത്തപ്പൻ മഹോത്സവം സമാപിച്ചു. ശ്രീമുത്തപ്പൻ തിരുവപ്പന, വെള്ളാട്ടം, പള്ളിവേട്ട എന്നിവ നടന്നു. 6.45 ന് നടന്ന മുത്തപ്പദർശനത്തിൽ പങ്കെടുക്കാൻ നൂറുകണക്കിന് ഭക്തരാണ് എത്തിയത്. വൈകിട്ട് തിരുമുടി ഇറക്കലോടെയാണ് ഈ വർഷത്തെ ഉത്സവം സമാപിച്ചത്. കണ്ണൂരിൽ നിന്നുള്ള ശശീന്ദ്രൻ പെരുവണ്ണാൻറെ നേതൃത്വത്തിലുള്ള 12 അംഗ സംഘമാണ് ചടങ്ങുകൾ നിർവഹിച്ചത്. മുത്തപ്പൻറെ പ്രസാദം വാങ്ങാനും ദർശനത്തിനുമായി വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഭക്തരാണ് ഇത്തവണ എത്തിയത്. കഴിഞ്ഞ 19 വർഷമായി ശ്രീമുത്തപ്പൻ മഹോത്സവം മുടങ്ങാതെ നടന്നു വരുന്നു.

# വരും വർഷങ്ങളിൽ ഫോറസ്റ്റ് അവാർഡുകൾ പൊലീസിതര സേനക്കൊപ്പം : മുഖ്യമന്ത്രി

**തിരുവനന്തപുരം:** വരും വർഷങ്ങളിൽ സ്വാതന്ത്ര്യ ദിനത്തിൽ തന്നെ പോലീസ് എക്സൈസ് ഫയർഫോഴ്സ് സേനകൾക്കൊപ്പം ഫോറസ്റ്റ് മെഡലുകളും വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വനം ആസ്ഥാനത്ത് നടന്ന 2023 2024 വർഷത്തെ ഫോറസ്റ്റ് മെഡൽ വിതരണ ചടങ്ങിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രഖ്യാപനം.

വനസംരക്ഷണം അതീവ പ്രാധാന്യമർഹിക്കുമ്പോൾ തന്നെ മുൻപ് കാടായിരുന്നു എന്ന കാരണത്താൽ മനുഷ്യർ വസിക്കുന്ന ഇടങ്ങൾ അവർക്ക് അന്യമാകാൻ പാടില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ കണക്കുകൾ കേരളത്തിലെ വന സംരക്ഷണം ഫലപ്രദമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.

വയനാട് ഉരുൾപൊട്ടലിൽപെട്ടുപോയ ആദിവാസി കുടുംബത്തെ നെഞ്ചോട് ചേർത്ത വനപാലകരുടെ ചിത്രം മനസ്സാക്ഷിയുള്ള ആർക്കും മറക്കാനാവില്ല. വളരെ പ്രതികൂലമായ കാലാവസ്ഥയും വന്യ മൃഗങ്ങളുടെ ഭീഷണിയും അതിജീവിച്ച് ജോലിയെടുക്കുന്ന വനപാലകർക്ക് സർക്കാർ നൽകുന്ന അംഗീകാരമാണ് മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ.

ലോകത്ത് 160 കോടിയോളം മനുഷ്യർ കാടിനെ ആശ്രയിച്ച് ജീവിക്കുന്നുണ്ട് അതുകൊണ്ടുതന്നെ വന സംരക്ഷണം അതീവ പ്രാധാന്യം അർഹിക്കുന്നു. 18 ശതമാനം വരുന്ന സംരക്ഷിത വനങ്ങൾക്ക് ഉപരിയായി എല്ലാ വനങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

വനമന്ത്രി എ കെ ശശീന്ദ്രൻ അധ്യക്ഷത വഹിച്ചു. ജനങ്ങളുമായി ചേർന്നുള്ള പ്രവർത്തനങ്ങളാണ് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്നും ജനങ്ങളുടെ ജീവിതം ആയാസരഹിതമാക്കുന്നതിനാണ് വകുപ്പ് പ്രാധാന്യം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

വനം വകുപ്പ് മേധാവി ഗംഗാസിങ്, അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് ജി കൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററ്മാരായ രാജേഷ് രവീന്ദ്രൻ, ഡോ. ചന്ദ്രശേഖർ, ഡോ. ജെ ജസ്റ്റിൻ മോഹൻ തുടങ്ങിയവർ സംസാരിച്ചു.

# ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം: വിവരശേഖരണം തുടങ്ങും

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലെയും സ്ഥാപനങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗുണനിലവാരം വിലയിരുത്താം. ഇതിനായുള്ള സർവേ ജനുവരി 6 മുതൽ 12 വരെ നടക്കും.

ജൈവമാലിന്യ പരിപാലനത്തിൽ പരമാവധി ഉറവിട സംസ്കരണം ഉറപ്പാക്കുക, സാധ്യമാകാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി തലത്തിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് വിവരശേഖരണം നടത്തുന്നത്. സംസ്ഥാനത്താകെ ഏകദേശം 1,50,000 പേർ വിവരശേഖരണത്തിന്റെ ഭാഗമാകും.

ഹരിതകർമ്മസേന, കുടുംബശ്രീ എ ഡി എസ്, സി ഡി എസ്, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ വാർഡിലും രണ്ട് മുതൽ മൂന്ന് വരെ സംഘങ്ങളായാണ് വിവരശേഖരണം നടത്തുന്നത്.

അതത് കേന്ദ്രങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് വിവരശേഖരണ പ്രവർത്തനങ്ങൾ നടക്കുക. ഹരിതമിത്രം ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാത്ത വീടുകളേയും സ്ഥാപനങ്ങളേയും ചേർക്കുന്ന പരിപാടിയും ഇതോടൊപ്പം നടത്തും.

# കേരള രാജ്യാന്തര ഊർജ മേള ഓൺലൈൻ മെഗാ ക്വിസ്

**തിരുവനന്തപുരം:** എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 7,8,9 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന രാജ്യാന്തര ഊർജ മേളയോടനുബന്ധിച്ച് മെഗാക്വിസ് മത്സരം സംഘടിപ്പിക്കും. എല്ലാ പ്രായത്തിലും ഉള്ളവർക്ക് മത്സരിക്കാൻ സാധിക്കുന്ന മെഗാക്വിസിന്റെ പ്രചരണാർത്ഥം സ്കൂൾ കലോത്സവ നഗരിയിൽ സ്റ്റാൾ തയ്യാറായി. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി സ്റ്റാൾ ഉദ്ഘാടനം ചെയ്തു. സ്റ്റാളിൽ ക്യു ആർ കോഡ് സ്കാൻ ചെയ്ത് മത്സരാർത്ഥികൾക്ക് രജിസ്ട്രേഷൻ പൂർത്തീകരിക്കാം.

ആദ്യഘട്ട മത്സരം ഓൺലൈനായി ഫെബ്രുവരി 2 വൈകീട്ട് 3 മണിക്ക് നടക്കും. ആദ്യഘട്ട മത്സര വിജയികൾ ഫെബ്രുവരി 9 ന് ഐ ഇ എഫ് കെ വേദിയിൽ വെച്ച് നടക്കുന്ന ഗ്രാന്റ് ഫിനാലെയിലേക്ക് യോഗ്യത നേടും. പ്രശസ്തിപത്രം, ഫലകം എന്നിവയോടൊപ്പം ഒന്നാം സമ്മാനമായി ഒരു ലക്ഷം രൂപയും രണ്ടാം സമ്മാനമായി 50,000 രൂപയും മൂന്നാം സമ്മാനമായി 25,000 രൂപയും വിജയികൾക്ക് ലഭിക്കും. രജിസ്ട്രേഷനുള്ള അവസാന തീയതി ജനുവരി 26 ആണ്. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ: 04712594922, ഇമെയിൽ : emck@keralaenergy.gov.in.




# കുസാറ്റിൽ ഗവേഷണ വിദ്യാർഥികൾക്കായി റിസർച്ച് ഫോറം

**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ, ഗവേഷണ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 'റിസർച്ച് ഫോറം' കുസാറ്റിലെ ഹാൾ ഓഫ് ഫെയിംമിൽ വെച്ച് ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാന്സലറും, ഐ. ഐ എം കോഴിക്കോടിലെ പ്രൊഫസറുമായ ഡോ. സജി ഗോപിനാഥ് ഉൽഘാടനം ചെയ്തു. കൊച്ചി സർവകലാശാല മുൻ വൈസ് ചാന്സലർ ഡോ. പി ജി ശങ്കരൻ മുഖ്യ പ്രഭാഷണം നിർവഹിച്ചു. ചടങ്ങിൽ ഡോ സജി ഗോപിനാഥ് 'ഗവേഷണ വിദ്യാർത്ഥികളുടെ പ്ലേസ്മെന്റ് ബ്രോഷർ റിസർച്ച് കോർഡിനേറ്റർ ഡോ ദേവി സൗമ്യജക്ക് നൽകി. ഡയറക്ടർ കെ എ. സക്കറിയ ചടങ്ങിന് അധ്യക്ഷത വഹിച്ചു. റിസർച്ച് ഫോറത്തിന്റെ പ്രവർത്തനങ്ങളുടെ അപഗ്രഥനം റിസർച്ച് ഫോറം കോർഡിനേറ്റർ സ്നേഹ റോസ് ജോർജ് അവതരിപ്പിച്ചു. റിസർച്ച് ഫോറം സഹകോർഡിനേറ്റർ ജോസ് ജോൺ നന്ദി പറഞ്ഞു.

## കുസാറ്റ്: സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ വാക്ഇൻഇൻററർവ്യു ജനുവരി 10 ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് പ്രോജക്ടിൻറെ ഭാഗമായി നബാർഡിൻറെ (ഗവൺമെൻറ് ഓഫ് ഇന്ത്യ) ധനസഹായത്തോടെ കരാർ അടിസ്ഥാനത്തിൽ (2) ടോക്നിക്കൽ പ്രോഫഷ്ണലുകളുടെ തസ്തികയിലേക്ക് വാക്ഇൻഇൻറർവ്യു നടത്തുന്നു. 2025 ജനുവരി 10, വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്, ലേക്ക് സൈഡ് ക്യാംപസ്, ഫോർഷോർ റോഡ് (ഫൈൻ ആർട്സ് അവന്യ), കൊച്ചി682016 വെച്ചാണ് അഭിമുഖം നടത്തുക. ഇൻഡസ്ട്രിയൽ ഫിഷറീസ്, അക്വാകൾച്ചർ/കമേഴ്ഷ്യൽ അക്വാകൾച്ചർ, ഫിഷ് പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി & മാനേജ്മെന്റ്, ഫിഷ് പ്രോസസ്സിംഗ് ടെക്നോളജി, ഫുഡ് സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് ടെക്നോളജി, ഫുഡ് എൻഞ്ചിനീയറിംഗ്, ഫുഡ് ടെക്നോളജി & അനാലിസിസ്, നോട്ടിക്കൽ സയൻസ്, അക്വാകൾച്ചറിൽ സുവോളജി സ്പെഷലൈസേഷൻ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളിൽ ബിരുദം ഉണ്ടായിരിക്കണം. വ്യവസായം, അധ്യാപനം, ഗവേഷണം അല്ലെങ്കിൽ പ്രാദേശിക സേവനങ്ങളിൽ അനുബന്ധ പരിചയം എന്നിവ അഭികാമ്യം. മേൽപറഞ്ഞ യോഗ്യതകളിള്ളവർക്ക് ടെക്നിക്കൽ പ്രൊഫഷണൽ (തസ്തിക1)ലേക്ക് അപേക്ഷിക്കാം. ബി.കോം, ബി.ബി.എ അല്ലെങ്കിൽ സമാന വിഷയങ്ങളിൽ ബിരുദം ഉള്ളവർക്കും, സർവകലാശാലകളിൽ അഡ്മിനിസ്ട്രേഷൻ, അക്കൗണ്ടിംഗിൽ അനുബന്ധ മേഖലയിൽ പരിചയം എന്നിവ അഭികാമ്യം എന്നീ യോഗ്യതകളുള്ളവർക്ക് ടെക്നിക്കൽ പ്രൊഫഷണൽ (തസ്തിക2)ലേക്ക് അപേക്ഷിക്കാം.പരാക്ഷാഫലത്തിനായി കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ തസ്തികയിൽ അപേക്ഷിക്കാനാവില്ല. താൽപര്യമുള്ളവർ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, അനുഭവ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, അസൽ സർട്ടിഫിക്കറ്റുകൾ എന്നിവയുമായി കുസാറ്റിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൻറെ നബാർഡ് ഫണ്ടഡ് പ്രോജക്റ്റ്, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, ഡോ. ജിൻസൺ ജോസഫിനെ സമീപിക്കേണ്ടതാണ്. ബയോഡേറ്റ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ എന്നിവ ginsonjoseph@cusat.ac.in എന്ന ഇമെയിലിലേക്ക് അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 8848095895 എന്ന നമ്പറിൽ ബന്ധപ്പെടുക.



വൈവിധ്യമാർന്ന ലോക സംസ്കൃതിയെ അടയാളപ്പെടുത്തുന്നതും സഞ്ചാരപ്രേമികളെ ലോകസഞ്ചാരത്തിന് പ്രേരിപ്പിക്കുന്നതുമായ സാഹിത്യരചനകൾക്ക് നൽകുന്ന ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം മുതിർന്ന മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ ജോൺ സാമുവൽ, റോയൽ കരീബിയൻ ക്രൂസ് പ്രതിനിധി കിരൺ പ്രകാശിൽ നിന്നും ഏറ്റുവാങ്ങുന്നു. ചലച്ചിത്ര, ടി.വി. താരം അനീഷ് രവി സമീപം.

# ജോൺ സാമുവലിന് ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം സമർപ്പിച്ചു

**കൊച്ചി:** മുതിർന്ന മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജോൺ സാമുവലിന് ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം സമർപ്പിച്ചു. വൈവിധ്യമാർന്ന ലോക സംസ്കൃതിയെ അടയാളപ്പെടുത്തുന്നതും സഞ്ചാരപ്രേമികളെ ലോകസഞ്ചാരത്തിന് പ്രേരിപ്പിക്കുന്നതുമായ സാഹിത്യരചനകൾക്കാണ് 'ക്രൂസ് കോമ്രേഡ് സാഹിത്യ പുരസ്കാരം നൽകുന്നത്.

യാത്രകൾ പ്രത്യേകിച്ച് വിദേശ യാത്രകൾ മനുഷ്യനെ മറ്റൊരു മനുഷ്യനാക്കിമാറ്റുമെന്ന് ജോൺ സാമുവൽ അഭിപ്രായപ്പെട്ടു.

എറണാകുളം ഗ്രാന്റ് ഹോട്ടലിൽ നടന്ന ക്രൂസ് കോൺക്ലേവിൽ റോയൽ കരീബിയൻ ക്രൂസ് പ്രതിനിധി കിരൺ പ്രകാശാണ് ജോൺ സാമുവലിന് പുരസ്കാരം സമ്മാനിച്ചത്. 25,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. ജോൺ സാമുവലിന്റെ അഞ്ച് വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച 'വിശ്വനാടോടിക്കഥാമാലിക ' യാണ് അവാർഡിന് അർഹനാക്കിയത്. ക്രൂസ് കൊമ്രേഡ് ഡയറക്ടർ ദീപ്തി വർമ്മ, ചലച്ചിത്ര, ടി.വി. താരം അനീഷ് രവി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.



# സ്വയം വിശ്വാസമുണ്ടെങ്കിൽ ഒരാൾക്കും മാറ്റിനിർത്താനാകില്ല: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** സ്വയം വിശ്വാസമുണ്ടെങ്കിൽ ഒരാൾക്കും ആരേയും മാറ്റിനിർത്താനാകില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. വിശ്വാസമുണ്ടെങ്കിൽ ഒരാൾക്കും പിന്നോട്ട് നിർത്താനുമാകില്ല. മാറ്റം നിങ്ങളിൽ നിന്നുമുണ്ടാകണം. ലോകത്തെ മാറ്റാൻ ഓരോരുത്തർക്കും കഴിയും. പ്രതിഭ 2024 ക്യാമ്പിലൂടെ വനിതകൾക്ക് സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ് സമൂഹത്തിൽ സജീവ പങ്കാളിത്തം വഹിക്കാൻ കഴിയും. അവർ ഭാവിയിലെ നേതാക്കളായി മാറുമെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്തെ ഭാവി വനിതാ നേതാക്കളെ വാർത്തെടുക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ സംഘടിപ്പിച്ച പ്രതിഭ2024 ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിങ് പ്രോഗ്രാം, ദശദിന നേതൃത്വ വികസന ക്യാമ്പ് സന്ദർശിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ നടന്ന ക്യാമ്പിൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, വനിതാ ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് എന്നിവർ ക്യാമ്പ് സന്ദർശിക്കുകയും വിദ്യാർഥിനികളോട് സംസാരിക്കുകയും ചെയ്തു. സാമൂഹ്യരാഷ്ട്രീയഭരണ മേഖലകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനും നേതൃത്വ സ്ഥാനങ്ങളിലേക്ക് ഉയരുവാൻ അവരെ പ്രാപ്തരാക്കുന്നതിനുമാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. സംസ്ഥാനത്തെ വിവിധ കോളേജുകളിലെ തെരഞ്ഞെടുത്ത അവസാന വർഷ ബിരുദ വിദ്യാർത്ഥിനികളാണ് ക്യാമ്പിൽ പങ്കെടുത്ത്. ഡിസംബർ 27നാണ് ക്യാമ്പ് ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലാണ് ആദ്യ ബാച്ച് ആരംഭിച്ചത്. ക്യാമ്പ് ജനുവരി അഞ്ചിന് അവസാനിക്കും. വനിതാ വികസന കോർപ്പറേഷൻ എംഡി ബിന്ദു വി.സി ക്യാമ്പിന് നേതൃത്വം നൽകി.

10 ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ വിവിധ മേഖലകളിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺമാർ, പ്രമുഖ വനിതാ നേതാക്കൾ, അക്കാദമിക വിദഗ്ധർ എന്നിവർ പരിശീലന സെഷനുകൾ നയിച്ചു. സാമ്പത്തിക സാക്ഷരത, നിയമപരമായ അവകാശങ്ങൾ, നേതൃത്വ വികസനം, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ വിപുലമായ പരിശീലനം പങ്കെടുക്കുന്നവർക്ക് ലഭിച്ചു.

# കുസാറ്റിൽ ഭാരതീയ ഭാഷാ സെമിനാർ ഇന്ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടേയും ഭാരതീയ ഭാഷാ സമിതിയുടേയും വിദ്യാഭ്യാസ വികാസ കേന്ദ്രത്തിൻറേയും ആഭിമുഖ്യത്തിൽ 'ഭാരതീയ ഭാഷാ സെമിനാർ' സംഘടിപ്പിക്കുന്നു. ജനുവരി 6 തിങ്കളാഴ്ച രാവിലെ 10 മണിക്ക് കുസാറ്റ് സെമിനാർ കോപ്ലക്സിൽ വെച്ച് നടക്കുന്ന ചടങ്ങ് എഴുത്തുകാരനും ഉത്തര മേഖല ഐ. ജി യുമായ ശ്രീ കെ സേതുരാമൻ ഐ. പി. എസ് ഉദ്ഘാടനം ചെയ്യും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ജുനൈദ് ബുഷിരി ചടങ്ങിന് അധ്യക്ഷത വഹിക്കും. ഭാരതീയ ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി 2024 ഡിസംബർ 11 മുതൽ 20 വരെ സർവ്വകലാശാലയിലെ തന്നെ വിഭിന്ന മാതൃഭാഷകൾ സംസാരിക്കുന്ന വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച വിവിധയിനം ഭാഷാ മത്സരങ്ങളുടെ സമ്മാനദാനം കുസാറ്റ് രജിസ്റ്റാർ പ്രൊഫസർ ഡോ എ യു അരുൺ നിർവഹിക്കും.

4 സഭകളായയാണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഒന്നാം സഭയിൽ 'ഭാരതീയ ഭാഷകളുടെ ഏകാത്മകത' എന്ന വിഷയത്തിൽ കേരള സർവകലാശാലയിലെ തമിഴ് വകുപ്പിലെ പ്രൊഫസർ ഡോ ടി വിജയലക്ഷ്മി, കാലടി ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ വ്യാകരണ വിഭാഗം വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷൻ റിട്ട. പ്രൊഫസർ എം. വി നടേശൻ എന്നിവരും, രണ്ടാം സഭയിൽ 'ശാസ്ത്ര പഠനം മാതൃഭാഷയിൽ' എന്ന വിഷയത്തിൽ കുസാറ്റ് ഹിന്ദി വിഭാഗം പ്രൊഫസറും ഡീനും, റിട്ട. ഹ്യുമാനിറ്റീസ് ഫാക്കൽറ്റിയുമായ പ്രൊഫസർ ഡോ കെ വനജ, കുസാറ്റ് ശാസ്ത്ര സമൂഹ കേന്ദ്രം ഡയറക്ടർ ഡോ പി. ഷൈജു എന്നിവരും, മൂന്നാം സഭയിൽ 'ഭാഷ ജീവിതം സുന്ദരമാക്കാൻ' എന്ന വിഷയത്തിൽ കേരള കേന്ദ്ര സർവകലാശാലയിലെ ഭാഷാ ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ പി. ശ്രീകുമാർ, എഴുത്തുകാരനും പരിഭാഷകനുമായ ശ്രീ. ആർ എസ് ഭാസ്കർ, തമിഴ്നാട് വി. ഐ. ടി വെല്ലൂർ ഭാഷാ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ കെ ജയലക്ഷ്മി എന്നിവരും സംസാരിക്കും. നാലാം സഭ 'മാതൃഭാഷയിലുള്ള പഠനം: പ്രതിസന്ധികളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയാണ്. സമാപനപ്രഭാഷണം പ്രശസ്ത എഴുത്തുകാരനായ ശ്രീ. സി രാധാകൃഷ്ണൻ നിർവഹിക്കും.

ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അവിഭാജ്യ ഘടകമായ ഭാഷാ വൈവിധ്യത്തെ പര്യവേക്ഷണം ചെയ്യുന്നതിനും ആഘോഷിക്കുന്നതിനും വേണ്ടിയാണ് ഭാരതീയ ഭാഷാ സമിതിയും വിദ്യാഭ്യാസ വികാസ കേന്ദ്രവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും ചേർന്ന് 'ഭാരതീയ ഭാഷാ സംഗമം' സംഘടിപ്പിക്കുന്നത്. നമ്മുടെ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷയുടെ പ്രാധാന്യം, ഭാഷാ സംരക്ഷണത്തിൽ വിദ്യാഭ്യാസത്തിൻറെ പങ്ക്, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഇന്ത്യൻ ഭാഷകളുടെ ഭാവി എന്നിവ ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദിയാണ് ഈ സമ്മേളനം ലക്ഷ്യമിടുന്നത്.

## വാക്ക്ഇൻ ഇന്റർവ്യൂ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഗണിതശാസ്ത്ര വകുപ്പിൽ രണ്ട് ഗസ്റ്റ് അധ്യാപക ഒഴിവിലേക്ക് വാക്ക്ഇൻ ഇൻറർവ്യൂ നടത്തുന്നു. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, പ്രായം എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ജനുവരി 8 ന് രാവിലെ 10 മണിക്ക് കുസാറ്റിലെ ഗണിതശാസ്ത്ര വകുപ്പിൽ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 04842862461 എന്ന നമ്പറിൽ ബന്ധപ്പെടുക.

## വലപ്പാട് സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ 525ാം ജൂബിലി വർഷത്തിന് തിരിതെളിഞ്ഞു

**തൃപ്രയാർ:** വലപ്പാട് സെൻറ് സെബാസ്റ്റ്യൻസ് ദേവാലയത്തിൻറെ 525ാം ജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു. ഇന്നലെ രാവിലെ പഴുവിൽ സെൻറ് ആൻറണീസ് ഫൊറോന ദേവാലയത്തിൽനിന്ന് വിശുദ്ധ സെബസ്ത്യാനോസിൻറെ തിരുശേഷിപ്പ് വികാരി ഫാ. ജെൻസ് തട്ടിൽ ഏറ്റുവാങ്ങി ദേവാലയത്തിലെത്തിച്ചു.

തുടർന്ന് ജൂബിലി പതാക ഉയർത്തലും തിരി തെളിയിക്കലും തിരുശേഷിപ്പ് പ്രതിഷ്ഠയും ഷംഷാബാദ് രൂപത ബിഷപ് മാർ പ്രിൻസ് ആൻറണി പാണേങ്ങാടൻ നിർവഹിച്ചു. മിഷൻ പ്രവർത്തനങ്ങൾക്കുള്ള സഹായധനവിതരണവും, ഇടവകയിലെ 155 ഭവനങ്ങളുടെ ലഹരി വിമുക്ത പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

ദിവ്യബലിക്കും ബിഷപ് മുഖ്യ കാർമികത്വം വഹിച്ചു. വികാരി ഫാ.ജെൻസ് തട്ടിൽ, ഫാ. ചെറിയാൻ മാളിയേക്കൽ എന്നിവർ സഹകാർമികരായി.ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകയിലെ ഭക്തസംഘടനകളുമായി സഹകരിച്ച് അർഹരായവർക്ക് ഭവനനിർമാണം, സാധുജനസംരക്ഷണം തുടങ്ങി ഒരുവർഷം നീണ്ടുനിൽക്കുന്ന നിരവധി കർമപദ്ധതികൾ തയാറാക്കിയെന്നു വികാരി ഫാ. ജെൻസ് തട്ടിൽ, കൈക്കാരൻമാരായ സി.എ. ജെയിംസ്, ലിജോ ജോർജ്, സിജോ ഡേവീസ് ജനറൽ കൺവീനർ സെബി ജോർജ്, പിആർഒ ഷാജി ചാലിശേരി എന്നിവർ അറിയിച്ചു.

കുടുംബ കൂട്ടായ്മ കൺവീനർ ഇ.ജെ. ജെയിംസ്, ജോസ് ആലപ്പാട്ട്, ഭക്ത സംഘടന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

# ദീർഘദൂര സർവീസുകൾ വെട്ടിക്കുറച്ചു; പാലാ ഡിപ്പോ വൻ തകർച്ചയിൽ




**പാലാ:** കെഎസ്ആർടിസി പാലാ ഡിപ്പോയിൽനിന്നുള്ള ദീർഘദൂര സർവീസുകൾ വെട്ടിക്കുറച്ചതോടെ ഡിപ്പോ കനത്ത പ്രതിസന്ധിയിൽ. ഇതിനു പുറമെ വൈക്കംപാലാ ചെയിൻ സർവീസിലെ ചില ട്രിപ്പുകളും വെട്ടിക്കുറച്ചിട്ടുണ്ട്. ഒരു ഓർഡിനറി സ്റ്റേ ബസ് ഒഴികെയുള്ള ബസുകളും നിർത്തലാക്കി. ചെയിൻ സർവീസുകളിൽ ട്രിപ് മുടക്കം പതിവാണ്.

ഡിപ്പോയ്ക്കു മികച്ച കളക്ഷൻ ലഭിച്ചിരുന്നതും നിറയെ യാത്രക്കാരുണ്ടായിരുന്നതുമായ ദീർഘദൂര സർവീസുകളായിരുന്ന പാലാചെറുപുഴ, പാലാമാനന്തവാടി, പാലാഅമ്പായത്തോട്, പാലാപഞ്ചിക്കൽ, പാലാ പെരിക്കല്ലൂർ, പാലാകൊന്നയ്ക്കാട്, മുണ്ടക്കയംഎറണാകുളം തുടങ്ങിയ സർവീസുകളാണ് മുന്നറിയിപ്പില്ലാതെ നിർത്തലാക്കിയത്.

ഡിപ്പോയിൽനിന്നും വീണ്ടും നിർത്തലാക്കാനുള്ള അടുത്ത ദീർഘദൂര സർവീസുകളുടെ ലിസ്റ്റും തയാറായിട്ടുണ്ട്. വരുമാനനഷ്ടം ചൂണ്ടിക്കാട്ടിയാണ് ഡിപ്പോ അധികൃതർ സർവീസുകൾ വെട്ടിച്ചുരുക്കിയിരിക്കുന്നത്. സ്വകാര്യ ബസ് ലോബിയെ സഹായിക്കുന്നതിനാണ് സർവീസുകൾ നിർത്തലാക്കിയതെന്നാണ് ആക്ഷേപം.

ഇതിനെല്ലാം പുറമെ കെഎസ്ആർടിസി ബസുകളിൽ വാങ്ങുന്നതിൻറെ മൂന്നിരട്ടി തുകയാണ് സ്വകാര്യ ബസുകാർ ഈടാക്കുന്നതെന്നും പരാതിയുണ്ട്. മലബാർ മേഖലകളിൽനിന്നും ധാരാളം വിദ്യാർഥികളാണു പാലായിൽ എത്തി സ്വകാര്യ സ്ഥാപനത്തിൽ പഠിക്കുന്നത്. ഇവരിൽ ഭൂരിഭാഗം പേരും വീടുകളിലേക്കു പോകുന്നതിന് ആശ്രയിച്ചിരുന്നതു കെഎസ്ആർടിസി ബസുകളെയാണ്. സർവീസുകൾ നിർത്തലാക്കിയതോടെ ഇവർക്കു വൻ തുക നല്കിയാലേ വീടുകളിലേക്കു പോകാൻ സാധിക്കൂ.

പാലാ ഡിപ്പോയിൽനിന്നു നാളുകൾക്കു മുമ്പുവരെ 102 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നത് പിന്നീട് 84 ആയി കുറയുകയും ഇപ്പോൾ അത് 62 ഷെഡ്യൂൾ മാത്രമായി ചുരുങ്ങുകയും ചെയ്തിരിക്കുകയാണ്. വരുമാന നഷ്ടമാണ് സർവീസുകൾ വെട്ടിക്കുറയ്ക്കാൻ കാരണമെന്ന് അധികൃതർ പറയുമ്പോഴും ദിവസവും 15 മുതൽ 18 ലക്ഷം രൂപവരെയാണു പാലാ ഡിപ്പോയിലെ കളക്ഷൻ. മുൻകാലത്ത് ദിവസവും 23 ലക്ഷം രൂപവരെയായിരുന്നു കളക്ഷൻ.

ഓർഡിനറി സ്റ്റേ ബസുകളിൽ കാഞ്ഞിരമറ്റം സ്റ്റേ സർവീസ് മാത്രമാണ് ഇപ്പോഴുള്ളത്. കുറവിലങ്ങാട്, കോട്ടയം, കാവുംകണ്ടം തുടങ്ങിയ സ്ഥലങ്ങളിലേക്കുണ്ടായിരുന്ന സ്റ്റേ ബസുകളെല്ലാം നിർത്തലാക്കിയിരിക്കുകയാണ്.

10 വർഷമായി മുടങ്ങാതെ സർവീസ് നടത്തിയിരുന്ന പാലാകൊന്നക്കാട് ബസാണ് യാത്രക്കാർ ഏറെയുള്ള ക്രിസ്മസ്, പുതുവർഷ സീസണിൽ നിർത്തലാക്കിയത്. ചീഫ് ഓഫീസിൽനിന്നുള്ള നിർദേശത്തിൻറെ അടിസ്ഥാനത്തിലാണ് നടപടിയെന്നാണ് ഡിപ്പോ അധികൃതർ പറയുന്നത്.

തിരക്കേറിയ പാലാവൈക്കം റൂട്ടിൽ കെഎസ്ആർടിസി നടത്തിയിരുന്ന ചെയിൻ സർവീസിൻറെ ട്രിപ്പുകൾ കുറച്ചതു സ്വകാര്യ ബസ് ലോബിയെ സഹായിക്കാനാണെന്ന് ആക്ഷേപം വ്യാപകമാണ്. പാലായിൽനിന്നു വൈക്കത്തേക്ക് സർവീസ് നടത്തുന്ന അഞ്ച് ബസുകളും ഓരോ ട്രിപ്പ് വീതമാണു മുടക്കുന്നത്. വൈക്കത്തുനിന്നുള്ള ബസുകളും ഒരു ട്രിപ്പ് നിർത്തിയിട്ടുണ്ട്. ഈ റൂട്ടിൽ ആകെയുണ്ടായിരുന്ന 80 സർവീസുകൾ 68 ആയി. ഉച്ചകഴിഞ്ഞ് ഒന്നുമുതൽ രണ്ടുവരെയുള്ള സമയത്താണ് ട്രിപ്പുകൾ കുറച്ചിരിക്കുന്നത്.

ഒട്ടേറെ പരീക്ഷാ പരിശീലന കേന്ദ്രങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളുമുള്ള പാലാ മേഖലയിൽ ദീർഘദൂര യാത്രാ ആവശ്യം സാധ്യമാക്കുന്നതിൽ ഡിപ്പോ അധികൃതർ കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധം ശക്തമാണ്. സൗത്ത് സോണിൽ ഏറ്റവും കൂടുതൽ വരുമാനം നേടുന്ന ഡിപ്പോയ്ക്കുള്ള അവാർഡ് നിരവധി തവണ നേടിയ ഡിപ്പോയാണു പാലാ. ഏറെ യാത്രക്കാരുള്ള ദീർഘദൂര ബസുകൾ നിർത്തലാക്കിയതിൽ ജീവനക്കാരും ആശങ്കയിലാണ്. സർവീസ് നിർത്തലാക്കിയതിനെതിരേ വിവിധ യൂണിയനുകളും സമരവുമായി രംഗത്തു വന്നിട്ടുണ്ട്.

# ഇന്റർനാഷണൽ ഫോക്‌ലോർ ഫിലിം ഫെസ്റ്റിവൽ 10 മുതൽ



**തൃശൂർ:** എട്ടാമത് തൃശൂർ ഇൻറർനാഷണൽ ഫോക്‌ലോർ ഫിലിം ഫെസ്റ്റിവൽ 10ന് തുടങ്ങും. തൃശൂർ രാംദാസ് / രവികൃഷ്ണ തിയേറ്റർ, സെൻറ് തോമസ് കോളജ്, ഗവണ്മെൻറ് കോളജ് ഓഫ് ഫൈൻ ആർട്ട്സ് എന്നിവിടങ്ങളിൽ നടക്കുന്ന മേള 15ന് സമാപിക്കും. തൃശൂർ രാജ്യാന്തര ഫിലിം ഫെസ്റ്റിവൽ, ഭൗമം സോഷ്യൽ ഇനീഷ്യേറ്റീവ്, സെൻറ് തോമസ് കോളജ്, നാട്ടു കലാകാരകൂട്ടം എന്നിവരുടെ നേതൃത്വത്തിൽ ആറു ദിവസങ്ങളിലായി 35 രാജ്യങ്ങളിൽനിന്നുള്ള സിനിമകൾ പ്രദർശിപ്പിക്കും.

രാജ്യത്തെ ഏറ്റവും വലിയ ഫോക്‌ലോർ ഫിലിം ഫെസ്റ്റിവലാണിത്. രാജ്യാന്തര വിഭാഗത്തിൽ ആറു ഫീച്ചർ സിനിമകൾ, 16 ഹ്രസ്വ ഡോക്കുമെൻററി അനിമേഷൻ സിനിമകൾ ഉൾപ്പെടെ 17 രാജ്യങ്ങളിൽ നിന്നുള്ള 22 സിനിമകൾ മത്സരിക്കും. ഇന്ത്യൻ ഫോക് വിഭാഗത്തിൽ അഞ്ച് ഫീച്ചർ സിനിമകൾ പതിനാല് ഹ്രസ്വ ഡോക്കുമെൻററിഅനിമേഷൻ സിനിമകൾ ഉൾപ്പെടെ 19 സിനിമകൾ മത്സരിക്കുമെന്നു സംഘാടകർ അറിയിച്ചു. 150 ഹ്രസ്വ, ഡോക്കുമെൻററി, അനിമേഷൻ, ഫീച്ചർ സിനിമകളുമുണ്ടാകും. അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും മത്സരിക്കുന്ന സിനിമകളിൽ മികച്ച സിനിമയ്ക്ക് 50,000 രൂപ വീതവും രണ്ടാമത്തെ മികച്ച സിനിമകൾക്ക് 25,000 രൂപവീതവും കാഷ് അവാർഡ് നൽകും.

ജപ്പാനിൽനിന്ന് അനദർ ടൈം, ഇറാനിൽനിന്ന് ടാസിയെൻ, ദിസ് കൺട്രോളബിൾ ക്രൗഡ്, ഇന്ത്യയിൽ നിന്നുള്ള വന്ദന മേനോനും ദേഭാഷിഷ് നന്ദിയും സംയുക്തമായി സംവിധാനം ചെയ്ത മോറിസിക്ക: ദി സ്റ്റോറി ഓഫ് ദി ബോട്ട്മാൻ, അമേരിക്കയിൽനിന്നുള് ദി ഫൈനൽ റൗണ്ട്, ചിലിയിൽനിന്ന് വൈതിയാരെ കാൽട്ട നെഗർ ഇക്കയുടെ ദി ലെജൻഡ് ഓഫ് യുഹോ തെ യുക എന്നിവയാണു പ്രദർശിപ്പിക്കുന്ന പ്രധാന ഫീച്ചർ സിനിമകൾ.

വുമൺ: ദി ഇൻവിസിബിൾ സപ്പോർട്ട് ഓഫ് ദി ബോർഡർ അർജൻറീന, ബേർഡ് ഡ്രോൺ ഓസ്ട്രേലിയൻ അനിമേഷൻ, ദി ടേസ്റ്റ് ഓഫ് ഹണി ബഗ്ലാദേശ്, ദാമോറി എബൌട്ട് ലവ് ബൾഗേ റിയ, എൻഡോസി ഗബോൺ, മോണിസ്റ്റോ റഷ്യൻ, അഫ്രാത്ത് ഇറാൻ, എവരിവൺ സിംഗ്സ് ഇറാൻ, ഹ്യൂമൻ കാർണിവൽ ഇന്ത്യ, ക്രോക്ക് ഷോ ഇന്ത്യ, സിറ്റ് സോങ്ങാ ഫോക് ടെയിൽസ്: ദി സ്റ്റോറി ഓഫ് ഫ്രെഡ്ഡി റിഖോട്സോ സൗത്ത് ആഫ്രിക്ക, ദി പാർട്ടി സ്പെയിൻ, തോട്ട് ബിക്കം തിംഗ്സ് ബെർമുഡ, ലെജൻഡ്സ് ലോസ്റ്റ് പാക്കിസ്ഥാൻ, ലെ ഉൾട്ടിമ മോള പനാമ, ടാക്നെനെസ് വുമൺ ആൻഡ് ദി ഫ്ലാഗ് പ്രൊസസഷൻ പെറു എന്നീ സിനിമകൾ മത്സരത്തിനുണ്ട്.




# ആസ്റ്റർ വോളന്റിയേഴ്സിന്റെ 50ാം മൊബൈൽ മെഡിക്കൽ ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ആഗോള കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതാ വിഭാഗമായ ആസ്റ്റർ വോളന്റിയേഴ്സിന്റെ അമ്പതാമത്തെ സൗജന്യ മൊബൈൽ ക്ലിനിക്കിന്റെ ഉദ്ഘാടനം ഉപരാഷ്ട്രപതി ജഗ്ദീപ് ധനകർ നിർവഹിച്ചു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ മാനേജിങ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ അലീഷ മൂപ്പൻ, ഡയറക്ടർ അനൂപ് മൂപ്പൻ, ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഗവർണൻസ് വിഭാഗം മേധാവിയും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ടി.ജെ. വിൽസൺ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ജമ്മു കശ്മീരിലെ ശ്രീനഗറിലും കർണാടകയിലെ കലബുറഗിയിലും പുതുതായി രണ്ട് മൊബൈൽ ക്ലിനിക്കുകളാണ് സേവനം ആരംഭിച്ചത്. അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ ഉൾപ്പെടുന്ന സഞ്ചരിക്കുന്ന ക്ലിനിക്കാണ് ആസ്റ്റർ വോളന്റിയേഴ്സ് ഒരുക്കിയിട്ടുള്ളത്. ഇന്റർനെറ്റ് അധിഷ്ഠിതമായി പരസ്പരം ബന്ധിപ്പിക്കപ്പെട്ടിട്ടുള്ള (ഇന്റർനെറ്റ് ഓഫ് തിങ്സ്) മൊബൈൽ ക്ലിനിക്കിൽ, ടെലിമെഡിസിൻ സേവനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ്, സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഇന്റർനെറ്റിലൂടെയും ഫോണിലൂടെയും ലഭ്യമാകും. ഇന്ത്യൻ ലാൺ ടെന്നീസ് അസോസിയേഷന്റെ വൈസ് പ്രസിഡന്റും ഡൽഹി പ്രസിഡന്റ് ഓഫ് മിക്സഡ് മാർഷ്യൽ അർട്സുമായ പ്രബൽ പ്രതാപ് സിംഗ് തോമർ, പദ്ധതിയെ ഉൾനാടൻ ഗ്രാമങ്ങളിലേക്ക് പ്രചരിപ്പിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഉത്തരേന്ത്യയിലും രാജ്യത്തിൻറെ മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങളിലും കഴിയുന്ന പാവപ്പെട്ടവർക്ക് ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി ആസ്റ്റർ വോളന്റിയേഴ്സ് തുടർന്നുവരുന്ന പ്രവർത്തനങ്ങളിലെ നിർണായക നാഴികക്കല്ലാണ് ഈ നേട്ടം. അശോക് ലെയ്‌ലാൻഡിന്റെ 7 മീറ്റർ നീളമുള്ള മിത്ര് എന്ന വാഹനത്തിലാണ് പുതിയ മൊബൈൽ ക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുള്ളത്. രോഗികൾക്ക് കാത്തിരിപ്പ് ഇടവും രജിസ്ട്രേഷൻ ഡെസ്കും പ്രാഥമികമായിട്ടുള്ള പരിശോധനകൾക്കായി ഒരു ചെറിയ ലബോറട്ടറിയും ഉണ്ട്.

മരുന്നുകളും മറ്റും കേടുകൂടാതെ സൂക്ഷിക്കുന്നതിന് റെഫ്രിജറേറ്റർ സംവിധാനവും തയാറാണ്. ഡോക്ടറെ കാണുന്നതിനായി പ്രത്യേക മുറിയും വാഹനത്തിലുണ്ട്. ആരോഗ്യ സംബന്ധമായ ബോധവത്കരണ പരിപാടികളുടെ പ്രചാരണത്തിനായിട്ടുള്ള സ്ക്രീനും സജ്ജീകരിച്ചിട്ടുണ്ട്. വാഹനത്തിന് പുറത്തേക്ക് തണൽ വിരിക്കാനുള്ള സംവിധാനവും ഉണ്ട്. വായു ശീതീകരണം, അണുബാധ തടയുന്നതിനുള്ള സംവിധാനങ്ങൾ, വൈഫൈ, ഉൾഗ്രാമങ്ങളിലും കൃത്യമായി വഴികാട്ടുന്ന ജിപിഎസ് സംവിധാനം എന്നിവയാണ് മറ്റ് പ്രത്യേകതകൾ.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയറും അശോക് ലെയ്‌ലാൻഡുമായി ചേർന്നുള്ള സഹകരണത്തിലൂടെ ഇന്ത്യയിൽ നടത്തിവരുന്ന സാമൂഹിക പ്രതിബദ്ധതാ പദ്ധതികളുടെ ഭാഗമാണ് ഈ മൊബൈൽ ക്ലിനിക്കുകൾ. നിലവിൽ കേരളം, തമിഴ്നാട്, കർണാടകം, തെലുങ്കാന, മഹാരാഷ്ട്ര, ജാർഖണ്ഡ്, ഒഡിഷ, ഡൽഹി, രാജസ്ഥാൻ, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, ജമ്മു കശ്മീർ എന്നിവിടങ്ങളിലായി ആകെ 31 മൊബൈൽ ക്ലിനിക്കുകളാണ് ഇന്ത്യയിൽ ആസ്റ്റർ വോളന്റിയേഴ്സ് നടത്തിവരുന്നത്. ഗുജറാത്തിലും ആന്ധ്ര പ്രദേശിലും കൂടി ഉടൻ പുതിയ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങും. 2025ൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് ഇത്തരത്തിൽ പുതിയ 10 യൂണിറ്റുകൾ കൂടി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ 7 വർഷത്തിനിടെ 56 ലക്ഷം പേർക്കാണ് ആസ്റ്റർ വോളന്റിയേഴ്സിന്റെ സേവനങ്ങൾ ലഭിച്ചത്. ഇപ്പോൾ 75,000 ലേറെ സന്നദ്ധപ്രവർത്തകരാണുള്ളത്.

# 22,000 വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ടാറ്റ

**കൊച്ചി:** ഒന്നരവർഷത്തിനുള്ളിൽ രാജ്യത്തുടനീളം 22,000 വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ടാറ്റ ഇവി പദ്ധതി തയാറാക്കി. ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റാൻ ചാർജിംഗ് സ്റ്റേഷനുകളും അവയുടെ അടിസ്ഥാന സൗകര്യങ്ങളും അധികമായി സ്ഥാപിക്കാനും മികച്ച രീതിയിൽ മാനേജ് ചെയ്യാനുമാണ് തീരുമാനം.




ഇതിൻറെ ഭാഗമായി വൈദ്യുത വാഹനങ്ങളുടെ സ്ഥിരം ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ടാറ്റ പവറുമായി ചേർന്ന് ടാറ്റ ഇ.വി റൂഫ്ടോപ്പ് സോളാർ സംവിധാനം ഉപയോഗിക്കുന്ന ഒരു സംയോജിത സാമ്പത്തിക പാക്കേജ് അവതരിപ്പിച്ചിരുന്നു.

ഈ പദ്ധതി വഴി 20 ശതമാനം ഉപയോക്താക്കൾ മേൽക്കൂര സോളാർ സ്ഥാപിക്കുകയും അവയിൽ 93 ശതമാനം വൈദ്യുതവാഹനങ്ങളും വീട്ടിൽ നിന്ന് തന്നെയാണ് ചാർജ് ചെയ്യുകയും ചെയ്യുന്നതെന്ന് പഠനങ്ങളിൽ നിന്ന് വ്യക്തമായിരുന്നു.




# കഠിനാധ്വാനവും ലക്ഷ്യബോധവമുണ്ടെങ്കിൽ ഏത് ലക്ഷ്യവും കൈപ്പിടിയിലൊതുക്കാം

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ഇൻസ്പെയർ സീരീസ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി ദി കൊച്ചിൻ മിറാക്കിൾ എന്ന വിഷയത്തിൽ ജി ടി ആർ കാംപ്ബെൽ മറൈൻ കൺസൾട്ടന്റ്സ് ലിമിറ്റഡ് സിഇഒ ആൻറണി പ്രിൻസ് പ്രഭാഷണം നടത്തി.

കഠിനാധ്വാനവും ലക്ഷ്യബോധവമുണ്ടെങ്കിൽ ഏത് ലക്ഷ്യവും കൈപ്പിടിയിലൊതുക്കാമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന് പുറത്ത് ഏത് കഠിനമായ ജോലിയും ചെയ്യുന്നവരാണ് മലയാളികൾ. ഏത് വെല്ലുവിളിയും അവർ തരണം ചെയ്യും. പക്ഷെ കേരളത്തിൽ ഇതൊന്നും സാധ്യമാകില്ലെന്ന മനസ്ഥിതി മാറണം. വിജയത്തിലേക്കെത്താൻ കുറുക്കുവഴികളില്ല. മികച്ച മാനേജ്മെന്റ് വൈദഗ്ധ്യം ഉണ്ടെങ്കിൽ കേരളത്തിലെ ഏത് പൊതുമേഖലാ സ്ഥാപനവും മികച്ച നിലയിൽ പ്രവർത്തന ലാഭത്തിലെത്തിക്കാം. കൊച്ചിൻ ഷിപ്പ്യാർഡ് ഇതിനു ഏറ്റവും വലിയ ഉദാഹരണമാണ്. തൊഴിലാളികൾക്കും മാനേജ്മെന്റിനും പരസ്പര വിശ്വാസവും സഹകരണ മനോഭാവവും ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു.

തദ്ദേശനിർമിത ഡിസൈനുകളും വിപണി സാധ്യതകളും കണ്ടെത്തിയതോടെയാണ് കൊച്ചി കപ്പൽശാല ഉയരങ്ങളിലേക്ക് കുതിച്ചത്. അവസരങ്ങൾ തിരിച്ചറിഞ്ഞതോടെ കപ്പൽശാല ജീവനക്കാരും മാനേജ്മെന്റും ഒരേ മനസോടെ പ്രവർത്തിച്ചതിന്റെ ഫലമാണ് കപ്പൽശാലയുടെ വിജയം. അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുകയും കാലഹരണപ്പെട്ട രൂപകല്പനകൾ ഒഴിവാക്കുകയും ചെയ്തതോടെ കപ്പൽശാലയുടെ ഉത്പാദന ക്ഷമത വർധിക്കുകയും ഡിമാൻഡ് വർധിക്കുകയും ചെയ്തു.

പതിനൊന്ന് വർഷം മുൻപ് മാത്രമാണ് കൊച്ചി കപ്പൽശാലയുടെ വളർച്ചക്കായുള്ള വിത്തുകൾ പാകിയത്. ജീവനക്കാരുടെ ഒത്തൊരുമയുടെ ഫലമാണ് ഏതൊരു സ്ഥാപനത്തിന്റെയും വിജയം. വിമാനവാഹിനി കപ്പൽ നിർമ്മിക്കാൻ തക്ക പ്രാപ്തിയിലേക്ക് കൊച്ചി കപ്പൽശാല വളർന്നത് ജീവനകകർഡ്യം മാനേജ്മെന്റിന്റെയും ഏകഗോപനത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.



# മണപ്പുറം സ്നേഹഭവനം കൈമാറി

**തൃശൂർ:** നാട്ടിക പഞ്ചായത്തിലെ ഒന്നാം വാർഡിലെ വാഹനപകടത്തിൽ മരണപെട്ട മിഥുനിന്റെ അമ്മ സുധയ്ക്ക് മണപ്പുറം സ്നേഹഭവനം കൈമാറി . മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റേഡിന്റെ ഈ വർഷത്തെ സി എസ് ആർ ഫണ്ട് ഉപയോഗിച്ചാണ് മണപ്പുറം ഫൌണ്ടേഷൻ വീട് നിർമിച്ചു നൽകിയത്. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് താക്കോൽ കൈമാറി. മണപ്പുറം ഫൌണ്ടേഷൻ സി ഇ ഒ ജോർജ് ഡി ദാസ് സ്വാഗതം ആശംസിച്ചു.

മണപ്പുറം ഫൌണ്ടേഷൻ സി എസ് ആർ ഹെഡ് ശില്പ ട്രീസ സെബാസ്റ്റ്യൻ നന്ദി പറഞ്ഞു.നാട്ടിക ഒന്നാം വാർഡ് മെമ്പർ കെ ആർ ദാസൻ, മണപ്പുറം ഹോം ഫിനാൻസ് സി ഇ ഒ സുവീൻ പി എസ്, കമ്പനി സെക്രട്ടറി ശ്രീവിദ്യ, സെക്രട്ടറിയൽ ഡിപ്പാർട്മെന്റ് ഓഫീസർ മഹേഷ് വി എം, സി എസ് ആർ ഡിപ്പാർട്മെന്റ് സോഷ്യൽ വർക്കേഴ്സ് മാനുവൽ അഗസ്റ്റിൻ, അഖില പി എൽ, ജോതിഷ് എം കെ, എന്നിവർ പരിപാടിയിൽ പങ്കാളികൾ ആയി

# ഇവന്റ് സേഫ് പദ്ധതിയുമായി ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ

**കൊച്ചി:** സംസ്ഥാനത്തെ എല്ലാ പരിപാടികളിലും സുരക്ഷ ഉറപ്പാക്കുന്നതിനായി 'ഇവന്റ് സേഫ്' എന്ന പേരിൽ ജാഗ്രതാപദ്ധതിയുമായി ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇ.എം.എ.കെ). ഏത് പരിപാടിയിലും സുരക്ഷാ മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച പാടില്ലെന്ന നിലപാടാണ് അസോസിയേഷൻ ആവർത്തിക്കുന്നത്. പരിപാടിയുടെ ആലോചനാഘട്ടം മുതൽ നടപ്പാക്കൽ വരെയുള്ള എല്ലാ ഘട്ടങ്ങളിലും സുരക്ഷയുടെ കാര്യത്തിൽ യാതൊരുവിധ കുറവുകളും ഉണ്ടാകില്ലെന്ന ഇ.എം.എ.കെ അംഗങ്ങളുടെ കൂട്ടായ പ്രതിജ്ഞയാണ് 'ഇവന്റ് സേഫ്' പദ്ധതി. അടുത്തിടെ പൊതുപരിപാടിക്കിടെയുണ്ടായ നിർഭാഗ്യകരമായ സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ പദ്ധതി രൂപീകരിച്ചിരിക്കുന്നത് .പൊതുജനങ്ങളും ക്ലയന്റുകളും വിവിധയിനം പരിപാടികളിൽ പങ്കെടുക്കുന്നവരും ഇ.എം.എ.കെയിൽ അർപ്പിച്ചിരിക്കുന്ന ഒരു വിശ്വാസമുണ്ട്. ആ വിശ്വാസം കാത്തുസൂക്ഷിക്കാനായി പരമാവധി സുരക്ഷ ഉറപ്പാക്കുമെന്ന് ദൃഢനിശ്ചയമാണ് ഈ പദ്ധതിയെന്ന് ഇ.എം.എ.കെ




പ്രസിഡന്റ് രാജു കണ്ണമ്പുഴ പറഞ്ഞു. ഓരോ പരിപാടിയും എല്ലാവർക്കും സുരക്ഷിതമായി ആഘോഷിക്കാനാവുന്ന ഒന്നായിരിക്കുമെന്ന ഉറപ്പ് പാലിക്കാൻ, എല്ലാ സംഘാടകർക്കും കൂട്ടായ ഉത്തരവാദിത്വമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതി നടപ്പിലാകുന്നതോടെ എല്ലാ പരിപാടിയിലും സുരക്ഷാമാനദണ്ഡങ്ങൾ മുൻപത്തേക്കാളേറെ ശക്തമാകും. ഇതിനായുള്ള പരിശോധനകൾ കർശനമാക്കും. അപകടങ്ങളും അനിഷ്ടസംഭവങ്ങളും ഒഴിവാക്കുന്നതിനായി സംഘാടകർക്ക് ആവശ്യമായ പരിശീലനവും നൽകും. ഏറ്റവും പുതിയ സുരക്ഷാമാനദണ്ഡങ്ങളായിരിക്കും പഠിപ്പിക്കുക. ഇതിനായി അധികൃതർ നൽകുന്ന നിർദേശങ്ങൾ കൃത്യമായി പിന്തുടരും.

പരിപാടിയുടെ ഭാഗമാകുന്ന എല്ലാവരോടും സുതാര്യമായ ഇടപെടലുകളും ആശയവിനിമയവും ഉറപ്പാക്കും. പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച് ചുമതലപ്പെട്ട അധികൃതർക്ക് വിശദമായ ഒരു രൂപരേഖ സമർപ്പിക്കാനും ആലോചനയുണ്ട്.2009 ജൂലൈ ഒന്നിനാണ് ഇവന്റ് മാനേജ്മെന്റ് അസോസിയേഷൻ കേരള (ഇ.എം.എ.കെ) സ്ഥാപിതമാകുന്നത്. കേരളത്തിലെ വിവിധ ഇവന്റ് മാനേജ്മെന്റ് ഏജൻസികളെ പ്രതിനിധാനം ചെയ്യുന്ന ഏക സംഘടനയാണിത്. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഇവന്റ് ആൻഡ് എന്റർടൈൻമെന്റ് മാനേജ്മെന്റ് അസോസിയേഷൻ (ഇ.ഇ.എം.എ) ന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘടനയാണ് ഇ.എം.എ.കെ.



## വിപിഎസ് ലേക്ഷോറിൽ നൂതന ഡയബറ്റിക് ഫൂട്ട് ലാബ് തുടങ്ങി

**കൊച്ചി:**പ്രമേഹ സങ്കീർണതകൾ മൂലം പാദം മുറിച്ചുമാറ്റപ്പെടുന്ന സംഭവങ്ങൾ രാജ്യത്തുടനീളം വലിയ  തോതിൽ വർധിക്കുന്ന സാഹചര്യത്തിൽ വിപിഎസ് ലേക്ഷോറിൽ പ്രത്യേക ഡയബറ്റിക് ഫൂട്ട് ലാബ് ആരംഭിച്ചു. പ്രമേഹ പാദ രോഗികൾക്ക് വിദഗ്ദ്ധ പരിചരണം നൽകുന്നതിനും പാദം മുറിച്ച് മാറ്റേണ്ട അവസ്ഥ ഒഴിവാക്കാനും ലക്ഷ്യമിട്ട് വിപിഎസ് ലേക്ഷോറിൽ ഓർത്തോപീഡിക് വിഭാഗത്തിന് കീഴിലാണ് ഡയബറ്റിക് ഫൂട്ട് ലാബ് സ്ഥാപിതമായത്.

പ്രമേഹ രോഗികൾക്ക് രക്തക്കുഴലുകളുടെ പരിശോധന, ന്യൂറോപ്പതിക് പരിശോധന, കാലിലെ പ്രഷർ സ്കാൻ എന്നിവ നടത്തുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളുടെ പിന്തുണയുള്ള അത്യാധുനിക സൗകര്യങ്ങൾ ലാബിൽ സജ്ജീകരിച്ചിരിക്കുന്നു.വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള ലാബ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ചീഫ് മെഡിക്കൽ ഓഫീസർ ഡോ.ഷോൺ ടി ജോസഫ്, സിഒഒ ജയേഷ് വി നായർ, ന്യൂറോ സർജൻ ഡോ. സുദീഷ് കരുണാകരൻ, ഫുട്ട് ആൻഡ് ആങ്കിൾ പോഡിയാട്രി വിഭാഗം മേധാവി ഡോ. രാജേഷ് സൈമൺ, കൺസൾട്ടന്റ് ഡോ. ഡെന്നിസ് പി ജോസ് എന്നിവർ സന്നിഹിതരായി.

## ഡെത്ത് ക്ലെയിം തീർപ്പാക്കലിൽനേട്ടവുമായി ഐസിഐസിഐ പ്രൂ

**കോഴിക്കോട്:** ഡെത്ത് ക്ലെയിം തീർപ്പാക്കലിൽ നേട്ടവുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. 2024 ജൂലൈ മുതൽ 2024 സെപ്തംബർ വരെയുള്ള കാലയളവിൽ 99.04% ക്ലെയിം സെറ്റിൽമെന്റ് അനുപാതം കൈവരിച്ച കമ്പനി, ഡെത്ത് ക്ലെയിം തീർപ്പാക്കാൻ ശരാശരി വെറും 1.2 ദിവസം മാത്രമാണ് എടുത്തത്. ഈ കാലയളവിൽ 451 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളും തീർപ്പാക്കി. ആവശ്യമായ എല്ലാ രേഖകളും ലഭിച്ച ശേഷം, യോഗ്യതയുള്ള എല്ലാ മരണ ക്ലെയിമുകളും ഒരു ദിവസത്തിനുള്ളിൽ തീർപ്പാക്കുമെന്ന് കമ്പനിയുടെ ക്ലെയിം ഫോർ ഷുവർ സംരംഭം വാഗ്ദാനം ചെയ്യുന്നുണ്ട്. 2025 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ 7.124 കോടി രൂപയുടെ ക്ലെയിമുകളാണ് ഈ സംരംഭത്തിന് കീഴിൽ കമ്പനി തീർപ്പാക്കിയത്. 2024 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ 97.94%വും, 2024 സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ 98.14%വും, 2024 സാമ്പത്തിക വർഷത്തിന്റെ മൂന്നാംപാദത്തിൽ 98.52%വും, 2024 സാമ്പത്തിക വർഷത്തിൽ ആകെ 99.17 ശതമാനവുമായിരുന്നു ക്ലെയിം സെറ്റിൽമെന്റ് അനുപാതം. ക്ലെയിമുകൾ സത്യത്തിന്റെ ആത്യന്തിക നിമിഷമാണെന്നും, എല്ലാ ക്ലെയിമുകളും ഞങ്ങൾ വളരെ സെൻസിറ്റിവിറ്റിയോടെയാണ് കൈകാര്യം ചെയ്യുന്നതെന്നും ചീഫ് ഓപ്പറേഷൻസ് ഓഫീസർ അമീഷ് ബാങ്കർ പറഞ്ഞു.

## 2024ൽ 58,01,498 യൂണിറ്റ് വിൽപ്പന നേടി ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച് എം എസ് ഐ) 58,01,498 യൂണിറ്റ് വിൽപ്പന രേഖപ്പെടുത്തി. ഇതിൽ 52,92,976 യൂണിറ്റുകൾ ആഭ്യന്തര വിൽപ്പനയും 5,08,522 യൂണിറ്റുകൾ കയറ്റുമതിയുമാണ്. 2023 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് 32% വർദ്ധനയാണ്. 2024 ഡിസംബറിലെ മൊത്തം വിൽപ്പന 3,08,083 യൂണിറ്റുകളാണ്. ഇതിൽ 2,70,919 യൂണിറ്റുകൾ ആഭ്യന്തര വിൽപ്പനയും 37,164 യൂണിറ്റുകൾ കയറ്റുമതിയുമാണ്.

ഹോണ്ട ആക്ടീവ ഇയും ക്യുസി1ഉം പുറത്തിറക്കി കൊണ്ട് (എച്ച്എംഎസ്ഐ) അടുത്ത യുഗത്തിലേക്കുള്ള സഞ്ചാര സാധ്യതകൾ വികസിപ്പിച്ചു. ഈ വാഹനങ്ങൾക്കുള്ള ബുക്കിങ്ങ് 2025 ജനുവരി 1ന് ആരംഭിച്ചു. 2025 ഫെബ്രുവരി മുതൽ വിതരണവും ആരംഭിക്കും. ഈ മാസം അവസാനം നടക്കുന്ന ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോയിൽ ഈ പുതുപുത്തൻ ഇലക്ട്രിക് സ്കൂട്ടറുകളുടെ വിലകൾ കമ്പനി വെളിപ്പെടുത്തും.

ആക്ടീവ 125, എസ്പി 125, എസ്പി160, യൂണികോൺ എന്നിവയുടെ ഒബിഡി2ബി പാലിക്കുന്ന മോഡലുകൾ ആധുനിക സവിശേഷതകളോടെ കമ്പനി പുറത്തിറക്കിയിട്ടുണ്ട്.

ഇന്ത്യയിൽ ഇതുവരെ 6 കോടിയുടെ ആഭ്യന്തര വിൽപ്പന എന്ന ചരിത്ര നേട്ടമാണ് എച്ച്എംഎസ്ഐ നേടിയെടുത്തിട്ടുള്ളത്. 2001 ജൂണിലാണ് എച്ച്എംഎസ്ഐ ഇന്ത്യയിൽ തങ്ങളുടെ റീട്ടെയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ദക്ഷിണേന്ത്യയിൽ 10 ദശലക്ഷത്തിലധികം ഉപഭോക്താക്കൾ എന്ന മികച്ച നേട്ടവും കൈവരിച്ചതായി കമ്പനി പ്രഖ്യാപിക്കുന്നു.

